൫൫. ഓരോ പകുതിയിലും ചെയ്തിട്ടുള്ള ജോലി വിവരത്തെ ഇൻസ്പെക്ടർ റിപ്പോർട്ടിലെ ഡയറിയിൽ നിന്നു സംഗ്രഹിച്ചു എടുത്തു ഇതിനോടു ഒന്നിച്ചു ചേൎത്തിരിക്കുന്ന ൨൦-ാം നമ്പർ ഫാറത്തിൽ ഉള്ള മാസാന്ത ഡയറിയിൽ പതിക്കണം. ഈ ഡയറിയെ ഇൻസ്പെക്ടർന്റെ റിപ്പോർട്ടുകളോടു ഒന്നിച്ചു മാസം ൨൫- താലൂക്ക സർവെയരും ഇൻസ്പെക്ടരും തഹശിൽദാൎക്കും ഡിവിഷൻ സർവെയർ പേഷ്കാൎക്കും അയക്കണം. തഹശിൽദാർ ഫീൽഡ് ബുക്കുകൾ പ്ലാട്ട് ചെയ്യുന്നതിനും കല്ലു വക രജിസ്റ്റർ തയ്യാറാക്കുന്നതിലും ഫീൽഡ് കല്ലുകൾ പരിശോധിക്കുന്നതിലും കുടികളെക്കൊണ്ടു കല്ലുകൾ സ്ഥാപിപ്പിക്കുന്നതിലും മറ്റും ജോലി നടത്തിപ്പിനു ഉള്ള തഴിവു വഴിയെ മനസ്സിലാക്കി ഏതു കണക്കന്മാരുടെ ജോലി വളരെ കുറവായിരിക്കുന്നുവോ അവരെ താക്കീതു ചെയ്യേണ്ടതാകുന്നു. കണക്കന്മാരുടെ ഇൻസ്ട്രുമെന്റുകളേയും പടങ്ങളേയും സംബന്ധിച്ചു ആവശ്യം ഉള്ള ഉത്തരവുകളും തഹശീൽദാർ അയക്കണം. ജോലി വകക്കുള്ള പതിവു പ്രോഗ്രാംവിട്ടു മാറി നടന്നതിനു ഇൻസ്പെക്ടരോ താലൂക്ക സർവെയരൊ പറയുന്ന കാരണങ്ങളും തൃപ്തികരം തന്നെയോ എന്നു തഹശീൽദാർ നോക്കണം.

൫൬. തഹശീൽദാർ താലൂക്ക സർവെയരുടെ ഡയറിയെ ഒപ്പു വെച്ചു പേഷ്കാൎക്കു അയക്കണം. പേഷ്കാർ ഈ ഡയറിയേയും ഡിവിഷൻ സർവെയരുടെ ഡയറിയേയും പാൎശ്വക്കുറിപ്പുകളോടുകൂടി സർവെ സൂപ്രണ്ടിനു അയക്കണം. സൂപ്രണ്ടു അവയെ പരിശോധിക്കേണ്ടതാകുന്നു. ഫീൽഡ് ബുക്കുകൾ പ്ലാട്ട് ചെയ്യുന്നതിലൊ ഡിമാർക്കേഷൻ കല്ലുകളെ വീണ്ടും സ്ഥാപിക്കുന്നതിലൊ ഉള്ള ദോഷങ്ങളെ പറ്റി റിപ്പോർട്ട് കിട്ടിയാൽ സർവെ സൂപ്രണ്ടു ആ കാൎയ്യങ്ങൾ ശരിയാക്കുന്നതിലേക്കു വേണ്ട നടപടികൾ നടത്തേണ്ടതാകുന്നു. സൂപ്രണ്ടു അവൎക്കു പാൎശ്വോപദേശങ്ങളോടുകൂടി ഡയറികളെ പേഷ്കാൎക്കു മടക്കി അയക്കണം. പേഷ്കാർ അതിനെ ആവശ്യം എന്നു കാണുന്ന ഉത്തരവുകളോടുകൂടി കാൎയ്യത്തിന്റെ അവസ്ഥപോലെ ഡിവിഷൻ സർവെയൎക്കൊ തഹശീൽദാൎക്കൊ അയക്കുകയും ഡിവിഷൻ സർവെയരുടെ ഡയറിയെ തന്റെ ആഫീസിൽ റിക്കാൎഡായി വെച്ചുകൊണ്ടു താലൂക്ക സർവെയരുടെ ഡയറിയെ തഹശീൽദാൎക്കു മടക്കി അയക്കണം. തഹശീൽദാർ അതിനെ റിക്കാൎഡ് ആക്കുകയും ആവശ്യം ഉള്ള നടപടി നടത്തുകയും ചെയ്യണം.

൧൭. കണക്കനോ പുതുവൽ സബ് ജോലിയോ സബ് ഡിവിഷൻ സർവെ ജോലിയോ നടത്തുന്ന പ്രദേശത്തിൽ ചെല്ലുന്ന ലൈനിൽ ൫൦-ൽ ൧൦ ഭാഗത്തെ ഡിവിഷൻ സർവെ മുതലായവർ സർവെ ചെയ്ത ഇൻസ്പെക്ടരുടെ പരിശോധിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യണം.

൧൮. തഹശീൽദാർ വാലുവ് റിക്കാർഡ് സംരക്ഷണ കാര്യത്തിലേക്കായി തടസ്ഥാ താലൂക്കിൽ ഉള്ള ഓരോ പകുതിയേയും ഓരോ പക്ഷം ൩ മാസത്തിൽ ഒരിക്കൽ വീതം എങ്കിലും ചെന്നു നോക്കണം.

൧൯. തഹശീൽദാർ സർവെയർ നോക്കി പരിശോധിച്ചിട്ടുള്ള ഇൻസ്ട്രുമെണ്ടുകളും, ബ്രാപ്പുകളും, റെജിസ്റ്ററുകളും ഇവയെ പരിശോധിക്കുകയും സർവെയർ മുതലായവരുടെ ജോലിയെ ശരിയായി നടത്തീട്ടുണ്ടോ എന്നു നോക്കുന്നതിലേക്കായി സർവെയർ സ്ഥാപിച്ചിട്ടുള്ളതൊ കേടു വന്നിട്ടുള്ളതോ ആയ കല്ലുകളെ പരിശോധിക്കുകയും ചെയ്യണം. സർവെയർ റിപ്പോർട്ട് ചെയ്തിട്ടുള്ള ദൂഷ്യങ്ങളെ നോക്കി പരിശോധിച്ചു അവയെ പരിഹരിക്കുന്നതിനുള്ള ഏർപ്പാടുകളും എഴുതി അയക്കണം. ഫീൽഡ് അളക്കുന്നതിനേയും തിരുവടയാളങ്ങൾ സ്ഥാനങ്ങളെ വീണ്ടും ശരിയാക്കി വെക്കുന്ന കാര്യത്തിലും മുമ്പിലെ പരിശോധിച്ചിട്ടുള്ള ലൈനുകളെ വീണ്ടും അളക്കുന്ന കാര്യത്തിലും തഹശീൽദാർ ശ്രദ്ധിക്കണം. അളവുകളുടെ വിഷയത്തിൽ ദിവസം ൧൦൦ കറ ഒരേ പക്ഷം ൧൦ ചങ്ങലയുടെ നീളം എങ്കിലും അളന്നു ശരി തന്നെയോ എന്നു നോക്കണം. കണക്കനും സർവെയരും ചെയ്യുന്ന ജോലിയുടെ അഭിവൃദ്ധിയേയും തഹശീൽദാർ സൂക്ഷിച്ചു നോക്കിക്കൊണ്ടിരിക്കണം.

൨൦. വല്ല കണക്കനും ദോഷി ഉള്ളവനായ് അവൻ എന്നു റിപ്പോർട്ട് ചെയ്യപ്പെട്ടാൽ തഹശീൽദാർ റിപ്പോർട്ട് ശരി തന്നെയോ എന്നു സ്വയം പരിശോധിച്ചു ബോദ്ധ്യപ്പെട്ടതിന്റെ ശേഷം പേഷ്കാരുടെ ഉത്തരവിലേക്കായി അയക്കണം.

൨൧. തഹശീൽദാർ ചെയ്യുന്ന ജോലി വിവരത്തിനു സംഗ്രഹം ഇതിനോടു ചേർത്തിരിക്കുന്ന ൧൦-ാം നമ്പർ ഫാറത്തിൽ ഉള്ള മാസാന്ത ഡയറിയിൽ എഴുതി മറ്റുമാസം ൩-ാം ക്കകം പേഷ്കാർ മുഖേന സർവെ സൂപ്രണ്ടിന്നു അയക്കേണ്ടതാകുന്നു. സർവെ സൂപ്രണ്ട് ഇതിനെ പരിശോധിച്ചു ഡിവിഷൻ പേഷ്കാർക്കു അയക്കേണ്ടതും പേഷ്കാർ അതിന്മേൽ ആവശ്യം ഉണ്ടെന്നു തോന്നുന്ന ഉത്തരവുകളും തഹശീൽദാർക്കു അയക്കേണ്ടതും ആകുന്നു.

ഹജൂർകച്ചേരി
തിരുവനന്തപുരം
൧൦൮൭ ആഗസ്റ്റ് ൨൦-ാം

എ. ജെ. വിയറാ,
ഗവർണ്മെണ്ട് ചീഫ് സെക്രട്ടരി.

ഫീൽഡ് മെഷർമെന്റ് ബുക്കുകളെ പ്ലാട് ചെയ്യുന്നതിനും ശരിതന്നെയോ എന്നു പരിശോധിക്കുന്നതിനും ഉള്ള ചട്ടങ്ങൾ.

1. കഡസ്ത്രൽ സൎവെ ൪ മാതിരി നടത്തപ്പെട്ടിരിക്കുന്നു.

	വിവരങ്ങൾ	താലൂക്ക	സൎവെചെയ്ത കാലം
(a) ടാങ്ക് സിസ്റ്റം	സൎവെ ഫീൽഡിനും വെറൂ ഫീൽഡിനും തമ്മിൽ വ്യത്യാസം ഇല്ലാതെ ഓരൊ ഫീൽഡിനെയും ത്രികോണങ്ങൾ ആയി സൎവെ ചെയ്തിട്ടുണ്ടു	൧. തോവാള ൨. അഗസ്തീശ്വരം ൩. ഇരണിയൽ ൪. കല്ക്കുളം ൫. വിളവങ്കോട ൬. തിരുവനന്തപുരം ൭. നെടുമങ്ങാട ൮. ചിറയിൻകീഴ ൯. കൊല്ലം ൧൦. കാർത്തികപ്പള്ളി ൧൧. കരുനാഗപ്പള്ളി	൧൦൫൮-ാമാണ്ടു മുതൽ ൧൦൬൪-ാമാണ്ടു വരെ
(b) ബേസ് ലൈൻസും ആഫ്സെറ്റും	സൎവെ ഫീൽഡുകളും വെറൂ ഫീൽഡുകളും. സൎവെ ഫീൽഡുകളുടെയും വെറൂ ഫീൽഡുകളുടെയും അതിരുകളും മൂന്നു കൂട്ടന്നെടങ്ങളെയും ബെഞ്ച് സ്റ്റേഷനുകൾക്കു ആവശ്യം ഉള്ളേടത്തു ചില മട്ടുകൾക്കും ഇടയിൽകൂടി വലിയ ചെയിൻ ലൈനിൽ നിന്നുള്ള ആഫ്സെറ്റുകൊണ്ടു ഉറപ്പിക്കപ്പെട്ടു	൧. നെയ്യാറ്റിൻകര ൨. കുന്നത്തൂർ ൩. കൊട്ടാരക്കര ൪. അമ്പലപ്പുഴ ൫. മാവേലിക്കര ൬. തിരുവല്ലാ ൭. ചെങ്ങന്നൂർ ൮. പത്തനാപുരം ൯. ചെങ്കോട്ട ൧൦. ചങ്ങനാശേരി ൧൧. കോട്ടയം ൧൨. ചേർത്തല ൧൩. വൈക്കം ൧൪. ഏറ്റുമാനൂർ ൧൫. ആലങ്ങാട ൧൬. പറവൂർ ൧൭. കുന്നത്തുനാട്ടു താലൂക്കിൽ ചിലഭാഗങ്ങൾ ൧൮. മൂവാറ്റുപുഴ താലൂക്കിൽ ചിലഭാഗങ്ങൾ	൧൦൬൪-ാമാണ്ടു മുതൽ ൧൦൭൪-ാമാണ്ടു വരെ
(c) ടി അല്ലും ഭേദപ്പെടുത്തിയതു	ഫീൽഡ് സ്കെച്ചുകളിൽ വശങ്ങളുടെ അളവു മാത്രം ചേർത്തിട്ടുണ്ടു ചെയിൻ ലയിനുകളുടെ അറ്റങ്ങളിൽ അക്ഷരങ്ങൾ ചേർത്തിട്ടുണ്ടു. ഈ ലൈനുകളിൽ ചേർത്തിരുന്ന ആഫ്സെറ്റുകളെ പ്രത്യേകം ഫീൽഡു ബുക്കുകളിൽ ചേർത്തിരിക്കുന്നു	കുന്നത്തുനാട്ടു താലൂക്കിലും മൂവാറ്റുപുഴ താലൂക്കിലും ചില ഭാഗങ്ങൾ	൧൦൭൪-ാമാണ്ടു മുതൽ ൧൦൮൦-ാമാണ്ടു വരെ
(d) ത്രികോണങ്ങളും ആഫ്സെറ്റുകളും	സൎവെ ഫീൽഡുകളും വെറൂ ഫീൽഡുകളും കഴിയുന്നതും ട്രൈജങ്ഷൻ മുതൽ ട്രൈജങ്ഷൻ വരെ ഉള്ള ലൈനുകളാൽ ഫീൽഡുകളെ വലിയ ത്രികോണങ്ങൾ ആക്കി പിരിച്ചിട്ടുണ്ടു സൎവെ ഫീൽഡിനെയും അതിനകത്തുള്ള വെറൂ ഫീൽഡുകളുടെയും വശങ്ങളിൽ ഉള്ള വളവുകൾവരെ ആഫ്സെറ്റ് എടുത്തിട്ടുണ്ടു സൎവെ ഫീൽഡിനെ പ്രത്യേകമായി പ്ലാട് ചെയ്യുന്ന വിധത്തിൽ ചേർത്തിരിക്കുന്നു.	൧. തൊടുപുഴ ൨. മീനച്ചിൽ	൧൦൮൦-ാമാണ്ടു മുതൽ ൧൦൮൧-ാമാണ്ടു വരെ

2. [illegible]

3. [illegible]

4. [illegible]

5. ഫീൽഡ് [illegible] ഉള്ളവയായിരിക്കണം. [illegible]

[illegible]

[illegible]

6. വരമ്പുകളുടെയും [illegible]

7. പടത്തിന്റെ [illegible]

യിൽ അനുസരിച്ച എഴുതിയിരിക്കുന്നുവോ ആ വിവരങ്ങളും അതിൽ എഴുതിയിരിക്കണം. ഓരോ ഫീൽഡ് മാപ്പിന്റേയും കീഴ് വശത്തായി അതിനെ പ്ലാട ചെയ്ത തീയതിയും പ്ലാട ചെയ്ത കണക്കന്റെ ഒപ്പും എഴുതിയിരിക്കണം.

8. ഒരു പകുതിയിലെ പ്ലാട ചെയ്ത ഫീൽഡ് മാപ്പുകളെ അതതു താലൂക്കിൽ ഉള്ള മറൊരു പകുതിയിലെ കണക്കന്മാർ ശരിതന്നെയൊ എന്നു ഒത്തു നോക്കണം.

9. ഇങ്ങിനെ ശരിതന്നെയൊ എന്നു നോക്കുന്നതിനായി ഫീൽഡ് മാപ്പുകളെ വീതിച്ചു കൊടുക്കുന്നതിൽ കണക്കൻ ഏതു കണക്കന്റെ പ്ലാട്ടിങ്ങിനെ പരിശോധിക്കുമോ അയാളുടെ ചാച്ചക്കാരനൊ അല്ലെങ്കിൽ ഇവർ തമ്മിൽ അന്യോന്യം അവരുടെ പ്ലാട്ടിങ്ങിനെ ഒത്തുനോക്കുന്നവരൊ (അതാവിതു B യുടെ പകുതിയെ A യും A യുടെ പകുതിയെ B യും പരിശോധിക്കുക) അല്ലെങ്കിൽ ഇവർ മറ്റുവിധത്തിൽ പരസ്പരം താല്പൎയ്യം ഉള്ളവരൊ അല്ലാത്തവരൊ ആകുന്നു എന്നു തഹശീൽദാർ നോക്കേണ്ടതാകുന്നു.

10. പരിശോധകനായ കണക്കൻ ഓരോ ഫീൽഡിന്റേയും അളവുകളെ അളവുപുസ്തകം കളുള്ള അസൽ രെക്കാൎഡുമായി ഒത്തു നോക്കി ഓരോ ഫീൽഡിന്റേയും പ്ലാട്ടിങ്ങിനെ പരിശോധിക്കേണ്ടതാകുന്നു. അളവുകൾ തെറ്റി എഴുതിയിരുന്നാൽ അതിനു മീതെ പെൻസിൽ കൊണ്ടു കുറുവായി വരച്ചു ശരിയായ അളവുകളെ വൃത്തിയായി പെൻസിൽകൊണ്ടു എഴുതി പരിശോധകൻ അടയാളം വെച്ചു സാക്ഷ്യപ്പെടുത്തണം.

11. പ്ലാട്ടിങ്ങ് ശരിതന്നെയൊ എന്നു നോക്കുന്നതിലേക്കായി പരിശോധകൻ പടത്തിൽ എത്രയും അധികം ദീൎഘം ഉള്ള വശത്തിൽ നിന്നൊ, നീളം കൂടിയ വശങ്ങളിലൊ ചെയിൻ ലൈനുകളിലൊ ഒന്നിൽ നിന്നൊ നിയമേന തുടങ്ങണം.

12. പ്ലാട്ചെയ്യുന്നതിൽ താഴെ എഴുതിയിരിക്കുന്ന അതിരോളം തെറ്റുകളെ അനുവദിക്കേണ്ടതാകുന്നു. അതാവിതു ഫീൽഡു മെഷർമെന്റ് ബുക്കിൽ മഷികൊണ്ടുയാതൊന്നും തിരുത്തി എഴുതരുതു.

പടത്തിന്റെ സ്കേയിൽ	അനുവദിച്ചിരിക്കുന്ന തെററു
൧ അംഗുലം = ൧ ചെയിൻ	൧൦ ലിങ്ക്സ്
൧ അംഗുലം = ൨ ചെയിൻ	൨൦ ലിങ്ക്സ്
൧ അംഗുലം = ൪ ചെയിൻ	൪൦ ലിങ്ക്സ്

13. പരിശോധിക്കുന്ന കണക്കൻ ആ പുറത്തിന്റെ കീഴ്വശത്തു പരിശോധിച്ച തീയതിയും തന്റെ ഒപ്പും എഴുതേണ്ടതാകുന്നു. ഡിവിഷനൽ സൎവ്വെയർ അല്ലെങ്കിൽ താലൂക്ക സൎവ്വെയർ മുതലായ പരിശോധകന്മാർ ആയ ഉദ്യോഗസ്ഥന്മാരും പരിശോധകനായ കണക്കൻ ചെയ്തിട്ടുള്ള എല്ലാ തിരുത്തലുകളും ശരിതന്നെയൊ എന്നു നോക്കുകയും തിരുത്തലിൽ ഉൾപ്പെടാത്തതായ ഫീൽഡുകളിൽ പത്തിനു ൧ വീതം പ്ലാട്ചെയ്തിട്ടുള്ളതിനെ പരിശോധിക്കുകയും ചെയ്യേണ്ടതാകുന്നു.

14. വല്ല ഫീൽഡും പ്ലാട്ചെയ്തിട്ടുള്ളതു അളവുകളുടെ വശങ്ങളിൽ രെക്കാൎഡിൽ പറഞ്ഞിട്ടുള്ള അളവുമായി ഒത്തിരിക്കുന്നില്ലെന്നുവരികിൽ പ്ലാട്ചെയ്യുന്ന കണക്കനൊ പരിശോധിക്കുന്ന കണക്കനൊ ആ വിവരത്തെ ഡിവിഷൻ സൎവ്വെയരെ അറിയിപ്പെടുത്തണം. ആ സൎവ്വെയർ ആ സ്കെച്ചിനെ വീണ്ടും പ്ലാട്ചെയ്യേണമൊ അളക്കേണമൊ എന്നു കഴിയുമെങ്കിൽ തീൎച്ചപ്പെടുത്തുകയും ആ വിവരത്തിനു പ്ലാനിന്റെ അടിയിൽ കുറിപ്പു എഴുതുകയും ചെയ്യണം. പകരം കണക്കനെ ആ ഭൂമിയിൽ വീണ്ടും അളക്കുകയും ശരിയായ അളവിനെ പ്ലാനിൽ സൎവ്വെയരുടെ റിമാൎക്കിനു എതിരായി എഴുതുകയും ചെയ്യണം. പ്ലാട്ചെയ്ത പടത്തിൽ ക്രമത്തിൽ അധികം എണ്ണം തിരുത്തലുകൾ ആവശ്യപ്പെട്ടിരിക്കയൊ പരിശോധകനായ കണക്കൻ അതിനെ വീണ്ടും പ്ലാട്ചെയ്യണം എന്നു സൎവ്വെയർ തീൎച്ചപ്പെടുത്തുകയൊ ചെയ്യുന്നതായാൽ പരിശോധകനായ കണക്കൻ ആ ഫീൽഡിനെ വീണ്ടും പ്ലാട്ചെയ്യണം.

15. ആറിനു അഞ്ചിനു അധികം പ്ലാട്ചെയ്യുന്നതിൽ കാണുന്ന തെറ്റുകൾക്കു സാധാരണയായ ഉപേക്ഷക്കും പ്ലാട്ചെയ്യുന്ന കണക്കനും പരിശോധകനായ കണക്കനും ഇന്ന നിരക്കിൽ ഉള്ള ശിക്ഷ വിധിക്കണം എന്നു സൎവ്വെ സൂപ്രേണ്ടെന്റ് നിശ്ചയിക്കേണ്ടതാകുന്നു.

16. ഡിവിഷൻ സൎവ്വെയർ അല്ലെങ്കിൽ താലൂക്ക സൎവ്വെയർ ഓരോ പകുതിയിലെയും ഫീൽഡുകളിൽ നൂറിനു ൪ വീതത്തിൽ കുറയാതെ എണ്ണം പ്ലാട് ചെയ്തിട്ടുള്ളതിനെ പരിശോധിക്കണം. ഇൻസ്പെക്ടർ ആ ഫീൽഡുകളിൽ നൂറൊന്നുക്കു ൧ വീതം എണ്ണത്തെ പരിശോധിക്കണം.

17. തഹശീൽദാർ ഓരോ പകുതിയിലും ഉള്ള ഫീൽഡുകളിൽ നൂററിനു ൨ വീതം എണ്ണം എങ്കിലും ശരിതന്നെയോ എന്നു പരിശോധിക്കേണ്ടതാകുന്നു.

18. തിയോഡലൈറ്റ് കൊണ്ടു സർവെചെയ്തിട്ടുള്ള ഫീൽഡുകളെ പ്ലാട ചെയ്യുന്നതിനു ട്രാവെർസ റെക്കാർഡ ആവശ്യപ്പെടുന്നതായാൽ സർവെ ആഫീസിലേക്കു എഴുതി അയച്ചു റെക്കാർഡുകൾ വരുത്തിക്കൊള്ളണം. ഇവയെ പ്ലാട ചെയ്യുന്ന ജോലി ഡിവിഷൻ സർവെയരൊ താലൂക്ക സർവെയരൊ ചെയ്യേണ്ടതും തഹശീൽദാരൊ സർവെ സൂപ്രിൻറണ്ടണ്ടൊ, അതിനെ പരിശോധിക്കേണ്ടതും ആകുന്നു.

19. ഒരു പകുതിയിൽ ഉള്ള എല്ലാ ഫീൽഡുകളെയും അവസാനമായി പ്ലാട ചെയ്തു തീർക്കയും പരിശോധകന്മാരായ കണക്കനും സർവെയരും പരിശോധിച്ചു തീർക്കയും ചെയ്തു ഉടനെ താലൂക്ക ആഫീസിലെ റെക്കാർഡിലേക്കായി തഹശീൽദാരുടെ മേൽനോട്ടത്തിൻകീഴിൽ കണക്കൻ ഫീൽഡ ബുക്കിൻെറ ഒരു ഇരട്ടിപ്പു തയ്യാറാക്കേണ്ടതാകുന്നു. പിന്നീടു അസൽ മെഷർമെൻറ റെക്കാർഡുകളെ സർവെ ആഫീസിലേക്കു മടക്കി അയക്കാം.

ഹജൂർക്കച്ചേരി
തിരുവനന്തപുരം
൧൦൮൦ തുലാം ൨൩-

എ. ജെ. വീയറാ,
ഫ്ഃ ഗവമെൻറ ചീഫ സെക്രട്ടറി

ഡിമാർക്കേഷൻ അടയാളങ്ങളെ സംരക്ഷണം ചെയ്യുന്നതിനുള്ള സാധാരണ ചട്ടങ്ങൾ

1. സർവെ അടയാളങ്ങൾ ൩ തരങ്ങളിൽ ഉള്ളവ ആയിരിക്കും.

(1) തിയൊഡലൈട് കല്ലുകൾ;
(2) ഫീൽഡ് കല്ലുകൾ;
(3) സബ് ഡിവിഷന കല്ലുകൾ;

2. (1) തിയോഡലൈട് കല്ലുകൾ എന്നവ പകുതി അതിൎത്തികളിലൊ ബന്ധം അതിൎത്തിയിലൊ ഒരു തിയൊഡലൈട് വെച്ചിരിക്കുന്ന സ്റ്റെഷൻകളിൽ നിൎത്തിയ അടയാളങ്ങൾ ആകുന്നു; അവയുടെ സ്ഥാനം പകുതിവക പടത്തിലും മെഷർമെൻ്റ് സ്കെച്ചിലും കാണിച്ചിട്ടുണ്ടു.

(2) ഫീൽഡ് കല്ലുകൾ എന്നവ സർവെഫീൽഡുകളുടെ അതിരുകളിലെ വളവുകളിലും ഫീൽഡ് മൂന്നു കൂടുന്ന ഇടങ്ങളിലും വെച്ച അടയാളങ്ങളും ബന്ധം സ്റ്റേഷനിലും ബൌണ്ടറി അഫ്സെട് സ്റ്റേഷനിലും വെച്ചിട്ടുള്ള അടയാളങ്ങളും ആകുന്നു. അവയുടേ സ്ഥാനം പകുതിവക പടത്തിലും ബന്ധം പ്ലാനിലും കാണിച്ചിട്ടുണ്ടു.

(3) സബ് ഡിവിഷൻ കല്ലുകൾ എന്നവ സബ് ഡിവിഷൻകളുടെ ഇടയിൽ ഉള്ള അതിരുകളിലെ വളവുകളിലും മൂന്നു കൂടുന്നേടങ്ങളിലും വെച്ചിട്ടുള്ള അടയാളങ്ങളും ഓരോ ഡിവിഷനിലൊ താലൂക്കിലൊ ഗവൎമ്മെൻ്റിൽ നിന്നു ആജ്ഞാപിക്കുന്ന പ്രകാരം സബ് ഡിവിഷൻ കളുടെ അതിരുകളിൽ മറ്റു സ്ഥാനങ്ങളിലൊ വെച്ച അടയാളങ്ങളും ആകുന്നു.

3. മേല്പറഞ്ഞ മൂന്നു തരങ്ങളിലെ കല്ലുകൾ താഴെ കാണിച്ച മാതിരിയായിരിക്കുന്നതാകുന്നു.

(i) തിയൊഡലൈട് കല്ലുകൾ. ഊന്നു നില്ക്കുന്ന വക, ചതുരമായി ചെത്തി, ൩ ഫീട് ×൯ ഇഞ്ച് ×൯ ഇഞ്ചു വലിപ്പം ഉള്ളതും മുകളിൽ ഒരു വൃത്തം വെട്ടിയതും ഒരു ഭാഗത്തു ശംഖം കൊത്തിയതും ആകുന്നു.

(ii) ഫീൽഡ് കല്ലുകൾ— ഊന്നു നില്ക്കുന്ന വക ചതുരമായി ചെത്തിയ ൨ ഫീട് × ൬ ഇഞ്ചു × ൬ ഇഞ്ചു വലിപ്പം ഉള്ളതും ഒരു ഭാഗത്തു ശംഖം കൊത്തി അടയാളമിട്ടതും ആകുന്നു.

വ്യത്യസ്തം— ഈ ചട്ടങ്ങൾ നടപ്പാകുന്നതിനു മുമ്പു ശരിയായ അധികാരത്തിന്മേൽ സ്ഥാപിക്കപ്പെട്ട കല്ലുകൾ മേൽ വിവരിച്ച വലിപ്പത്തിനും തരത്തിനും ഒത്തിരിക്കാത്തവയായി ന്നാലും ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള തരത്തിനു ഒത്തവയായി ഗണിക്കുന്നതും ആ കാരണത്തിന്മേൽ തൽസ്ഥാനത്തിൽ വേറെ കല്ലുകൾ ഇടാൻ ആവശ്യം ഇല്ലാത്തതും ആകുന്നു. എന്നാൽ ഒരു കല്ലു കാണാതെ പോകുമ്പോൾ തൽസ്ഥാനത്തു ഇടേണ്ട കല്ലു നിയമേന ഇതിനാൽ നിശ്ചയിച്ചിരിക്കുന്ന വലിപ്പത്തിലും തരത്തിലും ഉള്ളതായിരിക്കണം.

(iii) സബ് ഡിവിഷൻ കല്ലുകൾ— ഊന്നു നില്ക്കുന്ന വക ചതുരമായി ചെത്തിയ ൨ ഫീട് × ൬ ഇഞ്ചു × ൬ ഇഞ്ചു വലിപ്പം ഉള്ളതും മുകളിൽ 'S' എന്ന അക്ഷരവും ഒരു ഭാഗത്തു ഒരു ശംഖം കൊത്തി അടയാളം ഇട്ടതും ആകുന്നു.

4. (i) ഫീൽഡുകളെയോ ഭൂമികളെയോ വേർതിരിച്ചു അറിയുന്നതിനായി ഏതു ഫീൽഡ് കല്ലുകളൊ ഫീൽഡു അടയാളങ്ങളൊ സബ് ഡിവിഷൻ കല്ലുകളൊ സബ് ഡിവിഷൻ അടയാളങ്ങളൊ അവയെ ൧൦൭൭-ാമാണ്ടത്തെ ൧-ാം റെഗുലേഷൻ പ്രകാരം ബന്ധം അനുസരിച്ചു യഥാസ്ഥിതിയിൽ പരിപാലിക്കുന്നതിനു ആ ഫീൽഡുകളുടെയൊ ഭൂമികളുടെയൊ ഉടമസ്ഥനൊ അനുഭവക്കാരനൊ ബാദ്ധ്യസ്ഥനായിരിക്കുന്നതുകൊണ്ടു അങ്ങിനെയുള്ള കല്ലുകളെ പുതിക്കിടുകയൊ കേടുതീക്കുകയൊ ചെയ്യേണ്ടിയിരിക്കുന്ന ഓരോ സംഗതിയിലും ആ ഉടമസ്ഥൻ്റെയൊ അനുഭവക്കാരൻ്റെയൊ പേരിൽ നൊട്ടീസ് നടത്തുകയൊ അയാളുടെ സാധാരണ വാസസ്ഥലത്തിലൊ വ്യാപാര സ്ഥലത്തിലൊ പ്രവൃത്തി കച്ചേരിയിലൊ നോട്ടീസ് പതിച്ചു നടത്തിക്കയൊ ചെയ്യുന്ന ദിവസം മുതൽ ൧൫ ദിവസത്തിനകം അതിനെ കേടുപാടു തീക്കുകയൊ പുതുതാക്കുകയൊ ചെയ്തു കൊള്ളേണം എന്നു ആ ഉടമസ്ഥനോടൊ അനുഭവക്കാരനോടൊ ആവശ്യപ്പെട്ടു ഇതിനോടു ചേൎത്തിരിക്കുന്ന ൧-ാം നമ്പർ ഫാറത്തിൽ ഒരു നോട്ടീസ് ഇൻസ്പെക്ടരൊ ഡിവിഷൻ സൎവ്വേയരൊ താലൂക്ക സൎവ്വേയരൊ അയക്കേണ്ടതാകുന്നു.

(ii) ഉടമസ്ഥനൊ അനുഭവക്കാരനൊ അപ്രകാരം ചെയ്യാതിരുന്നാൽ ആവശ്യം ഉള്ള വേലയെ തഹശീൽദാരൊ സൎവ്വേ ഇൻസ്പെക്ടരൊ ഡിവിഷൻ സൎവ്വേയരൊ താലൂക്ക സൎവ്വേയരൊ നടത്തിക്കയും അതിലെ ചിലവു റെഗുലേഷൻ ൨-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളപോലെ ഈടാക്കുകയും ചെയ്യേണ്ടതാകുന്നു.

5. പകുതികളാകുന്നതിൻ താഴെ എഴുതി ഇരിക്കുന്ന ഫാറം അനുസരിച്ചു കല്ലു വകക്കുള്ള രെജിസ്റ്റർ എഴുതി വെച്ചിരിക്കേണ്ടതാകുന്നു.

(എ) തിയാഡലൈഡ് കല്പകം

൧	പകതിയിലെ കല്പകങ്ങക്ക ായികഷ വഴി നമ്പർ		
൨	കല്ലിൻെറ വിവരം അവായത പകതി അതിത്തിയിൽ പകതി മൂന്നും കൂട്ടന്നേടത്തൊ അഥവാ അടുത്ത ഖണ്ഡം അതിത്തിയിലൊ		
൩	ഏതു ഫീൽഡുകളുടെയൊ സബ് ഡിവിഷനുകളുടെയൊ അതിത്തിയിലൊ അതിത്തിക്ക അകത്തൊ കല്ലു ഇരിക്കുന്നുവൊ ആ ഫീൽഡുകളുടെയൊ സബ്ഡിവിഷനുകളുടെയൊ നമ്പരുകൾ കറിപ്പു—ഈ കാളത്തിൽ എഴുതിയിരിക്കുന്ന ഫീൽഡുകളുടെ ഉ-മസ്ഥന്മാരൊ അനുഭവക്കാരൊ കല്ലിനെ പരിപാലിക്കുന്നതിനു ബാദ്ധ്യസ്ഥന്മാരാകുന്നു		
൪	കണക്കൻ പരിശോധിച്ച തീയതിയും അതിൻെറ ഫലവും	൧൦൭൯ാമാണ്ട്	
൫	കടികളാൽ പകരം സ്ഥാപിക്കപ്പെടുകയൊ കെട്ടതിക്കപ്പെടുകയൊ ചെയ്യപ്പെട്ടാൽ അതിനെ കണക്കൻ ഒത്തുനോക്കിയ തീയതി		
൬	താൻ വീണ്ടും സ്ഥാപിക്കയൊ കെട്ടതിക്കയൊ ചെയ്തതിനു ലക്ഷ്യമായിട്ടൊ പതിച്ചിട്ടുള്ളതിനെ ഒത്തുനോക്കി എന്നുള്ളതിനു ലക്ഷ്യമായിട്ടൊ ഡിവിഷൻ സർവെയരുടെയൊ താലൂക്ക സർവെയരുടെയൊ ഇൻസ്പെക്ടരുടെയൊ തഹശിൽദാരുടെയൊ സൂപ്രണ്ടിൻെറയൊ അടയാളം		

(ബി) സർവ്വേ ഫീൽഡ് കല്ലുകൾ

സർവെ നമ്പർ	ഫീൽഡിലെ കല്ലുകളുടെ വഴിക്കുവഴി നമ്പർ	ഏതു ഫീൽഡുകളുടെയൊ സബ് ഡിവിഷനുകളുടെയൊ അതിർത്തിയിലൊ അതിർത്തിക്കകത്തൊ കല്ലു ഇരിക്കുന്നതൊ ആ ഫീൽഡുകളുടെയൊ സബ് ഡിവിഷനുകളുടെയൊ നമ്പർകൾ കുറിപ്പ്—ഒരം കാളത്തിൽ എഴുതിയിരിക്കുന്ന ഫീൽഡുകളുടെ ഉടമസ്ഥന്മാരൊ അനുഭവക്കാരൊ കല്ലിനെ പരിപാലിക്കുന്നതിന ബാദ്ധ്യസ്ഥരാകുന്നു	ഫാറം ൧ മാസ കണക്കൻ പരിശോധിച്ച തീയതിയും അതിന്റെ ഫലവും	കുടിയാൻ പകരം സ്ഥാപിക്കപ്പെടുകയൊ കേടതീർക്കപ്പെടുകയൊ ചെയ്യപ്പെട്ടാൽ അതിനെ കണക്കൻ ഒത്തുനോക്കിയ തീയതി	താൻ വീണ്ടും സ്ഥാപിക്കയൊ കേടു തീർക്കയൊ ചെയ്യുന്നതിന ലക്ഷ്യമായിട്ടൊ ഒരു ഇതേ കാളത്തിൽ കണക്കൻ പതിച്ചിട്ടുള്ളതിനെ ഒത്തുനോക്കി എന്നുള്ളതിന ലക്ഷ്യമായിട്ടൊ ഡിവിഷൻ സർവെയരുടെയൊ താലൂക്കു സർവെയരുടെയൊ ഇൻസ്പെക്ടരുടെയൊ തഹശിൽദാരുടെയൊ സൂപ്പർഇണ്ടെണ്ടിന്റെയൊ അടയാളം
൧	൨	൩	൪	൫	൬

(ഡി) സബ് ഡിവിഷൻ കല്ലുകൾ

സർവെ നമ്പരും സബ് ഡിവിഷൻ നമ്പരോ അക്ഷരമൊ അത്രയും	സബ് നമ്പരിലൊ അക്ഷരത്തിലൊ കല്ലിന്റെ വഴിക്ക വഴി നമ്പർ	ഏതു ഫീൽഡുകളുടെയൊ സബ് ഡിവിഷനുകളുടെയൊ അതിർത്തിയിലൊ അതിർത്തികളിലൊ കല്ലു ഇരിക്കുന്നവൊ ആ ഫീൽഡുകളുടെയൊ സബ് ഡിവിഷൻകളുടെയൊ നമ്പർകൾ കുറിപ്പ്—ഒരം കല്ലിയിൽ ചെക്കുന്ന ഫീൽഡുകളുടെ ഉടമസ്ഥന്മാരൊ അനുഭവക്കാരൊ അതു നൊക്കി രക്ഷിപ്പാൻ ഉത്തരവാദികൾ ആകുന്നു	൧൦൯൭-ാമാണ്ട കണക്കൻ പരിശോധിച്ച തിയതിയും അതിന്റെ ഫലവും	 കുടിയാൻ പകരം വെക്കുകയൊ കേട തിക്കുകയൊ ചെയ്യിട്ടുണ്ടെങ്കിൽ കണക്കൻ മേറ്റു നോക്കിയ തിയതി	 താൻ കേട് തിക്കുകയൊ പുതുതാക്കുകയൊ ചെയ്യേണ്ടുന്ന ലക്ഷ്യമായൊ ൫-ാം കാളത്തിലെ കണക്കൻ പതിച്ചിട്ടുള്ളതിനെ തേറ്റു നൊക്കുന്നതിനു ലക്ഷ്യമായൊ ഡിവിഷൻ സർവെയരുടെയൊ താലൂക്ക സർവെയരുടെയൊ ഇൻസ്പെക്ടരുടെയൊ തഹശീൽദാരുടെയൊ സൂപ്രണ്ടിന്റെയൊ ഒപ്പു
൧	൨	൩	൪	൫	൬

6 തിയാഡലൈട് കല്ലുകൾക്ക പകുതി ഒട്ടുക്ക വഴിക്ക വഴിയായി നമ്പർ ഇടേണ്ടതാകുന്നു.

പ്രവൃത്തിയുടേയൊ താലൂക്കിന്റേയൊ ഡിവിഷന്റേയൊ അതിരുകളിൽ ഉള്ള സബ് ഡിവിഷൻ കല്ലുകൾക്കും ഓരോ സർവെ ഫീൽഡിലും ഫീൽഡ് വകക്കും പ്രത്യേകം എണ്ണി ആ കല്ലുകൾക്കും വഴിക്ക വഴിയായി പ്രത്യേകം നമ്പർ ഇടേണ്ടതാകുന്നു. ആ കല്ലുകൾ ഏതു പകുതികളുടെ അതിരുകളിൽ ഇരിക്കുന്നുവോ അവയിൽ ഏററവും താഴ്ന്ന നമ്പർ ഉള്ള പകുതി മാത്രമെ അവയെ എണ്ണി രെജിസ്റ്റർ ചെയ്യേണ്ടതുള്ളു. ഓരോ സർവെ ഫീൽഡുകൾക്ക തമ്മിലുള്ള അതിർത്തികളിൽ നില്ക്കുന്ന ഫീൽഡ് കല്ലുകളെ അധികം താഴ്ന്ന എണ്ണം ഉള്ള ഫീൽഡിന്റെ കണക്കായി എണ്ണേണ്ടതാകുന്നു. അതുപോലെ തന്നെ സബ് ഡിവിഷൻ കല്ലുകളെ ഉപഖണ്ഡമാക്കിയ ഫീൽഡിലെ അധികം താഴ്ന്ന നമ്പർ ഉള്ള സബ് ഡിവിഷനെ സംബന്ധിക്കുന്നതായി എണ്ണേണ്ടതാകുന്നു. അങ്ങനെ എണ്ണുന്നതു വലത്തു നിന്നു ഇടത്തോട്ടു ആയിരിക്കണം.

7 ഓരോ താലൂക്കിലും ഉള്ള പകുതിക്കണക്കന്മാരെ സർവെ സൂപ്പറിന്റെണ്ടൊ തഹസീൽദാരൊ ഇൻസ്പെക്ടരൊ ഡിവിഷൻ സർവെയരൊ താലൂക്ക സർവെയരൊ തിയാഡലൈട് കല്ലുകളും ഫീൽഡ കല്ലുകളും സബ് ഡിവിഷൻ കല്ലുകളും എണ്ണേണ്ടവിധം ഇന്നതാണെന്നു പഠിപ്പിക്കേണ്ടതാകുന്നു. തിയാഡലൈട് കല്ലുകളെ എണ്ണി പകുതി വകക്കുള്ള ലൈതൊഗ്രാഫ് പടത്തിന്റെ ഒരു പ്രതിയിൽ നമ്പർ എഴുതി ചേർക്കേണ്ടതാകുന്നു. പേരിൽ പതിഞ്ഞതൊ കുടികളുടെ അനുഭവത്തിൽ ഇരിക്കുന്നതൊ ആയ ഫീൽഡുകൾക്ക അടുത്ത പുറമ്പോക്ക ഭൂമികളൊ സർക്കാർ വക പേരിൽ പതിയാത്ത ഭൂമികളൊ കിടക്കുമ്പോൾ അങ്ങനെയുള്ള പുറമ്പോക്ക ഭൂമികളുടേയൊ പേരിൽ പതിയാത്ത ഭൂമികളുടേയൊ അതിർത്തികളിൽ ഉള്ള കല്ലുകളെ അവയ്ക്കു അടുത്തു ചേർന്നിരിക്കുന്ന ഫീൽഡിന്റെ ഉടമസ്ഥനൊ അനുഭവക്കാരനൊ പരിപാലിക്കേണ്ടതും ആ കല്ലുകളെ ആ ഫീൽഡുകൾക്ക ചേർന്ന കല്ലുവക രെജിസ്റ്ററിൽ ചേർത്തു എണ്ണേണ്ടതും ആകുന്നു. സർവെ ഫീൽഡ് കല്ലുകളുടെ വകക്ക ഓരോ ഖണ്ഡത്തിലേക്കും പകുതിക്കുള്ള പടത്തിൽ നിന്നു സൌകര്യമായ വലിപ്പത്തിൽ സ്കെച്ചുകൾ തയ്യാറാക്കി കല്ലുകളുടെ നമ്പർ ആ സ്കെച്ചുകളിൽ എഴുതിവെക്കണം. സബ് ഡിവിഷൻ കല്ലുകളുടെ നമ്പർ പ്ലാട്-ചെയ്തിട്ടുള്ള ഫീൽഡ് മെഷർമെണ്ട് ബുക്കുകളിൽ എഴുതേണ്ടതാകുന്നു.

8. കല്ലുവകക്കുള്ള രെജിസ്റ്ററുകളിൽ ൭-ം ൮-ം ൯-ം കള്ളികളിൽ എഴുതേണ്ടവയായ മേൽപറഞ്ഞ പകുതി പടങ്ങളിലും ഖണ്ഡം സ്കെച്ചുകളിലും ഫീൽഡ് മെഷർമെണ്ട് ബുക്കുകളിലും നിന്നു എടുത്തു എഴുതി ചേർക്കേണ്ടതാകുന്നു. ഏതു ഫീൽഡുകളുടെ ഉടമസ്ഥന്മാരേയൊ അനുഭവക്കാരേയൊ കല്ലുകളെ യഥാസ്ഥിതിയിൽ പരിപാലിക്കുന്നതിനു ബാദ്ധ്യസ്ഥന്മാരായി ഗണിക്കേണ്ടതൊ ആ ഫീൽഡുകളെ ൯-ാം കള്ളിയിൽ എഴുതേണ്ടതാകയാൽ ആ കള്ളിയിൽ വേണ്ട വിവരം സൂക്ഷിച്ചു എഴുതേണ്ടതാകുന്നു.

9. പകുതിക്കണക്കൻ തന്റെ പകുതിയിൽ ഉള്ള എല്ലാ തിയാഡലൈട് കല്ലും ഫീൽഡു കല്ലും സബ് ഡിവിഷൻ കല്ലും ആണ്ടിൽ ഒരിക്കൽ വീതം എങ്കിലും പരിശോധിക്കേണ്ടതാകുന്നു. കണക്കൻ ഒരു കല്ലു ശരിയായ സ്ഥാനത്തു നില്ക്കുന്നതായി കണ്ടാൽ രെജിസ്റ്ററിലെ ൧൦-ം ഖണ്ഡത്തിൽ പരിശോധിച്ച തീയതി മാത്രമെ ചേർക്കേണ്ടതുള്ളു. എന്നാൽ കല്ലു ശരിയായ സ്ഥാനത്തു ഉണ്ടായിരിക്കയും അതു ശരിയായ സ്ഥിതിയിൽ അല്ലാതിരിക്കയും ചെയ്യുന്നതായി പകുതിക്കണക്കൻ കാണുകയൊ ആ കല്ലു തറയിൽ മറ്റു വല്ല ഇടത്തും കിടക്കുന്നതായി കാണുകയും അതു തീരെ കാണാതെ ഇരിക്കുകയും ചെയ്കയൊ ചെയ്യുന്നതായാൽ പകുതിക്കണക്കൻ ആ സംഗതിയെ ധരിച്ചുംകൊണ്ടു "സ്ഥാനത്തിൽ ഇല്ല" അല്ലെങ്കിൽ "കാണുന്നില്ല" എന്ന പദം രെജിസ്റ്ററിൽ എഴുതേണ്ടതാകുന്നു. ഡിവിഷൻ സർവെയർ വന്നു നോക്കുന്നതിനു മുമ്പായി കഴിയുന്നെടത്തോളം വേഗത്തിൽ കേടുപാടു തീർക്കാനൊ പുതുക്കാനൊ ഉള്ളതെല്ലാം നടത്തിക്കുന്നതിനു പകുതിക്കണക്കൻ കുടികളെ ഉത്സാഹിപ്പിക്കേണ്ടതാകുന്നു. അങ്ങിനെ കേടുപാടു തീർക്കയൊ പുതുക്കുകയൊ ചെയ്യപ്പെട്ടാൽ ആ വിവരം രെജിസ്റ്ററിൽ ൧൦-ം കോളത്തിൽ എഴുതി കണക്കൻ തീയതിയും അടയാളവും വെക്കണം.

കാണാതെപോയ കല്ലിന്റെ സ്ഥാനം ഇപ്പോൾ ഒരു പുഴ സ്ഥലത്തൊ റോഡിലൊ തോട്ടിലൊ റെയിൽവേയിലൊ ആയിരിക്കുന്നതുകൊണ്ടു അതിനു പകരം കല്ലു സ്ഥാപിക്കാൻ പാടില്ലാതെ വരുന്ന സംഗതികളിൽ കണക്കൻ ആ വിവരത്തെ രെജിസ്റ്ററിൽ എഴുതേണ്ടതാകുന്നു. തഹസീൽദാരൊ സർവെ സൂപ്പറിന്റെണ്ടൊ പരിശോധിച്ചതിൽ പിന്നീടു ആ കല്ലിനെ വിട്ടു ഒഴിക്കേണ്ടതും ആകുന്നു.

10 ഇൻസ്പെക്ടരും ഡിവിഷൻ സർവെയർ അല്ലെങ്കിൽ താലൂക്ക സർവെയരും പകുതികളെ ചെന്നു പരിശോധിക്കുമ്പോൾ കഴിയുന്നെടത്തോളം എല്ലാ കല്ലുകളെ, ആവ കണക്കൻ മുമ്പിലെ പരിശോധിച്ചവയായിരുന്നാലും ഇല്ലെങ്കിലും, പരിശോധിക്കേണ്ടതാകുന്നു. കണക്കൻ വല്ലതും എഴുതി ചേർത്തിരുന്നാൽ അതോടുകൂടി ആ പരിശോധനയിൽ കാണുന്ന ഫലം

[illegible]യോഗിക്കുമ്പോൾ ആ ഇൻസ്പെക്ടർ അഫീസിൽ രെജിസ്റ്ററിലെ [illegible] ഭാഗത്തിൽ തന്റെ [illegible] മാത്രം വെച്ചാൽ മതിയാകും. [illegible] പ്രത്യേകം [illegible] വിവരത്തെ [illegible] പരിശോധിച്ചു [illegible] എഴുതീട്ടില്ലാത്ത വരികൾ ആ ഇൻസ്പെക്ടർ [illegible] വിധത്തിൽ [illegible] ഖണ്ഡത്തിൽ തന്റെ [illegible] കാണുന്ന വിവരം [illegible] മേൽപ്പറഞ്ഞ ഉദ്യോഗസ്ഥന്റെ [illegible] സൂപ്രണ്ടിന്റെയും [illegible] ശരിയായ സ്ഥാനത്തിൽ ഇരിക്കുന്നവയായി എഴുതിയിരിക്കുന്ന കല്ലുകളിൽ ഒരു ഭാഗം എടുത്തു കല്ലുകളെ [illegible] വീണ്ടും പരിശോധിച്ചു [illegible] ഏൽക്കേണ്ടതാകുന്നു.

11. [illegible] കാണാതെപോയിരിക്കുന്നതോ അല്ലാത്തതോ ആയ കല്ലുകളെ സംബന്ധിച്ച് കല്ലുവകകളുടെ രെജിസ്റ്ററിൽ എഴുതിയിരിക്കുന്നവയേയും [illegible] താൻ പരിശോധിച്ച ഫീൽഡുകളിൽ നടത്തീട്ടുള്ള കേടുതീർക്കലിനേയും സംബന്ധിച്ചുള്ള വിവരങ്ങൾ കല്ലുവകകളുടെ രെജിസ്റ്ററിൽ നിന്നു എടുത്തു എഴുതി [illegible] (ഡ്യൂപ്ലിക്കേറ്റ്) [illegible] പ്രസ്താവിച്ചിട്ടുള്ള നോട്ടീസുകളോടുകൂടി ഇൻസ്പെക്ടരോ താലൂക്ക സർവെയരോ അയക്കേണ്ടതാകുന്നു.

12 (i) ആ ലിസ്റ്റുകളും നോട്ടീസുകളും കിട്ടുമ്പോൾ ഇൻസ്പെക്ടർ അല്ലെങ്കിൽ താലൂക്ക സർവെയർ അതുവരെ നടത്തീട്ടുള്ള വേലയെ [illegible] ലിസ്റ്റുകളെ തഹശീൽദാർ മുഖേന സബ്ഡിവിഷൻ [illegible] അയക്കുകയും ചെയ്യുന്നതുകൂടാതെ ആ നോട്ടീസിൽ ഉടൻ തന്നെ തീയതിയും ഒപ്പും വെച്ചു ഉടമസ്ഥന്മാരുടെയോ അനുഭവക്കാരുടെയോ പേരിൽ നടത്തുന്നതിനായി കണക്കനോ [illegible] മടക്കി അയക്കണം. അതിനെ നടത്തിയ വിവരവും നടത്തിയ തീയതിയും കണക്കൻ നോട്ടീസിൽ എഴുതി സാക്ഷ്യപ്പെടുത്തി ഒപ്പിടണം.

(ii) കണക്കൻ അയാളുടെ പരിശോധന ജോലിയെ പൂർണ്ണമായി ചെയ്യാതിരുന്നില്ലെന്നോ കല്ലുകളെ കേടുപാടു തീർക്കുന്നതിനോ പുതുക്കുന്നതിനോ കുടികളെ ഉത്സാഹിപ്പിക്കാൻ മതിയാകുംവണ്ണം ശ്രമിച്ചിട്ടില്ലെന്നോ ആ ലിസ്റ്റിൽ നിന്നു ഇൻസ്പെക്ടരോ താലൂക്ക സർവെയരോ അറിയുന്നതായാൽ ആ വിവരത്തിനു അയാൾ തഹശീൽദാർക്ക റിപ്പോർട്ട അയക്കേണ്ടതും തഹശീൽദാർ കണക്കന്റെ നടത്തയെക്കുറിച്ച് ആവശ്യം എന്നു തോന്നുന്നവിധത്തിൽ ഗൌനിച്ചു തീർച്ചചെയ്യേണ്ടതും ആകുന്നു.

13. വല്ല തിയോഡലൈറ്റുകളും കാണാതിരിക്കുന്നതായി കല്ലുവകകളുടെ ലിസ്റ്റിൽ എഴുതിയിരുന്നാൽ ആവശ്യപ്പെട്ട ട്രാവേഴ്സിന്റെ ഭാഗത്തിന്റെ വകക്കുള്ള കോണങ്ങളുടെയും ദൂരങ്ങളുടെയും കണക്കിന്റെ പകർപ്പ തഹശീൽദാർ സർവെ ആഫീസിലേക്ക എഴുതി അയച്ചു വാങ്ങിക്കൊള്ളേണ്ടതാകുന്നു.

14. പകുതികളുടെ എല്ലാ അതിർത്തിസ്ഥാനങ്ങളെയും മുൻകൂട്ടനേരങ്ങളിലെ എല്ലാ തിയോഡലൈറ്റ് സ്റ്റേഷനുകളെയും മററു തിയോഡലൈറ്റ് സ്റ്റേഷനുകളിൽ കഴിയുന്നതും അധികം എണ്ണത്തെയും ഒറിജിനൽ ട്രാവേഴ്സ് ഷീറ്റ് നോക്കി തഹശീൽദാർ വീണ്ടും നിർണ്ണയപ്പെടുത്തേണ്ടതാകുന്നു. ഇതു ചെയ്തതിനാൽ വീണ്ടും നിർണ്ണയപ്പെടുത്തിയ സ്റ്റേഷനുകളിലും പിൻവശത്തും മുൻവശത്തും ഉള്ള സ്റ്റേഷനുകളിലും കാണുന്ന കോണങ്ങളെയും ആ സ്റ്റേഷനുകൾ തമ്മിൽ അയാൾ അളന്നുകണ്ട ദൂരങ്ങളെയും കാണിച്ച് ഒരു സ്കെച്ച് തയ്യാറാക്കി സർവെ സൂപ്രണ്ടിന്റെ [illegible] അയക്കണം. സമയം ഇല്ലാത്തതുകൊണ്ടു തഹശീൽദാർ വീണ്ടും നിർണ്ണയപ്പെടുത്തീട്ടില്ലാത്ത വല്ല സാധാരണ തിയോഡലൈറ്റ് സ്റ്റേഷൻകളെയും ഡിവിഷൻ സർവെയർ വീണ്ടും നിർണ്ണയപ്പെടുത്തേണ്ടതാകുന്നു.

15. (i) താലൂക്ക സർവെയരോ ഇൻസ്പെക്ടരോ ഒരു പകുതിയിൽ ചെല്ലുമ്പോൾ കല്ലുവകകളുടെ രെജിസ്റ്ററുകളെ പരിശോധിക്കുകയും അതിൽപിന്നീട, സംബന്ധപ്പെട്ട കുടികളുടെ പേരിൽ നോട്ടീസ നടത്തിയതിൽ പിന്നീട നിശ്ചയിച്ചിട്ടുള്ള കാലാവധി കഴിഞ്ഞതിൽപിന്നീട സംബന്ധപ്പെട്ട കുടികൾ ഹാജരാകാതെ ഇരിക്കുന്നതായാലും ഫീൽഡ് കല്ലുകളെയോ സബ് ഡിവിഷൻ കല്ലുകളെയോ കേടുപാട തീർക്കയോ പുതുക്കുകയോ ചെയ്യുന്ന പണിനടത്തുന്നതിനു ആരംഭിക്കണം.

(ii) ആ അവസരങ്ങളിൽ കണക്കന്മാരും പകുതി ജീവനക്കാരും ഹാജരായിരിക്കേണ്ടതാകുന്നു. കണക്കന്മാരോ പകുതി ജീവനക്കാരോ ഹാജരാകാതെ ഇരിക്കയോ മതിയായ കാരണം കൂടാതെ ആവശ്യപ്രകാരം നടക്കാതെ ഇരിക്കുകയോ ചെയ്യുന്നതായാൽ അവരെ തഹശീൽദാർ കഠിനമായി ശിക്ഷിക്കേണ്ടതാകുന്നു.

16. കല്ലുകൾ പതുക്കി സ്ഥാപിക്കുന്നതിനു എളുപ്പത്തിൽ കല്ലുകൾ കിട്ടുന്ന കരയായി ശരിയായ വലിപ്പത്തിലും തരത്തിലും ഉള്ള ത്രിയാംഗുലെഷൻ കല്ലുകളും ഫീൽഡ് കല്ലുകളും ഓരോ പകുതിയിലും കണക്കന്റെ സൂക്ഷിപ്പിൽ ശേഖരിച്ചു വെച്ചിരിക്കുന്നതിനു തഹശീൽദാർ ഏൎപ്പാടുചെയ്യേണ്ടതാകുന്നു. എത്ര കല്ലുകൾ വേണം എന്നുള്ള വിവരം കാണാവുന്ന പ്രകാരമായി റിപ്പോൎട്ടു ചെയ്യപ്പെട്ടിട്ടുള്ള കല്ലുകളുടെ എണ്ണത്തെ അതാതു സമയം ഗണിച്ചു ഡിവിഷൻ പേഷ്കാർ ക്രമപ്പെടുത്തേണ്ടതാകുന്നു.

ഇത്രകല്ലുകൾ വന്നു എന്നും ഇത്രകല്ലുകൾ ഇൻസ്പെക്ടർമാരൊ ഡിവിഷൻ സൎവ്വേയൎക്കൊ താലൂക്ക സൎവ്വേയൎക്കൊ വില്ക്കുകയൊ കൊടുക്കുകയൊ ചെയ്തു എന്നും കാണിച്ചു ഒരു സ്റ്റാക് റെജിസ്റ്റർ ഇതിനോടുകൂടി ചേൎത്തിരിക്കുന്ന ൨-ം ഫാറത്തിൽ കണക്കൻ എഴുതിവെച്ചുകൊള്ളേണ്ടതാകുന്നു. ഈ റെജിസ്റ്ററിൽ കാണുന്ന എണ്ണം വാസ്തവത്തിൽ കിട്ടിയുള്ള എണ്ണവുമായി ശരിയായിരിക്കുന്നുവൊ എന്നു തഹശീൽദാരൊ ഇൻസ്പെക്ടരൊ ഡിവിഷൻ സൎവ്വേയരൊ താലൂക്ക സൎവ്വേയരൊ അയാളുടെ പരിശോധനാകാലത്തു നോക്കേണ്ടതാകുന്നു.

ഇൻസ്പെക്ടരൊ ഡിവിഷൻ സൎവ്വേയരൊ താലൂക്ക സൎവ്വേയരൊ സ്റ്റാക് റെജിസ്റ്ററിൽ പതിച്ചിരിക്കുന്ന വിവരത്തിനു ഒരു പ്രതി എടുപ്പിച്ചു താലൂക്കിലേക്കു അയക്കണം. ഈ പകൎപ്പിൽ എഴുതി ഇരിക്കുന്ന വിവരങ്ങളെ ക്യാമ്പ് ചീറാവിൽ കാണിച്ചിരിക്കുന്ന രസീതുകളോടും സൎവ്വെ അടയാളങ്ങളെ കേടുപാടു തീൎക്കുകയൊ പതുക്കുകയൊ ചെയ്യുന്ന പിവാറുകളെ പതിക്കുന്ന റെജിസ്റ്ററിനോടും കൂടി ഒത്തുനോക്കണം. ഇങ്ങിനെ ചെയ്യുന്നതു ഒരു പ്രവൃത്തിയിൽ കല്ലുഡെപ്പോവിൽ ആവശ്യം ഉള്ള കല്ലുകൾ വീണ്ടും ഉണ്ടാക്കികൊടുക്കുന്നതിനു സൌകൎയ്യപ്പെടുത്തുന്നതിലേക്കായിട്ടാകുന്നു.

17. പകുതിവക ഡെപ്പോവിൽ ഉള്ള കല്ലുകളുടെ വിലയെ കല്ലുവക കരാറുകാരനും ആയി ചെയ്തിട്ടുള്ള ഉടമ്പടിയുടെ വ്യവസ്ഥകൾ അനുസരിച്ചു ഒരേ നിരക്കിൽ ആയി ഡിവിഷൻ പേഷ്കാർ സ്ഥിരപ്പെടുത്തുകയും ഒരേ നിരക്കിൽ ആയി മേടപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു. കല്ലിന്റെ വിലയും കല്ലു വെട്ടുന്ന സ്ഥലത്തുള്ള മറ്റു ചിലവുകളും ഡെപ്പോവിലേക്കു പോകുന്നതിനുള്ള ചിലവുകളും ഉൾപ്പെട്ടിരിക്കണം. കല്ലിന്റെ വിലയെ ആദ്യമായി "റെവന്യൂ സൎവ്വെ അഡ്വാൻസ്—പേഷ്കാർ" എന്ന ഇനത്തിൽ ചിലവു എഴുതണം. കുടികൾക്കു വരുത്തുന്നതെല്ലാം രൊക്കവിലക്കായിരിക്കണം. അങ്ങിനെ ഉണ്ടാക്കിയ തുകയെ താലൂക്ക ഖജനാവിൽ പ്രത്യേകം ചെല്ലാനോടു കൂടി ഒടുക്കണം.

18. ഇൻസ്പെക്ടരൊ ഡിവിഷൻ സൎവ്വേയരൊ താലൂക്ക സൎവ്വേയരൊ ആവശ്യം ഉള്ള എല്ലാം കല്ലുകളെ പ്രവൃത്തിവക ഡെപ്പോവിൽ നിന്നു ഇൻഡൻറ് അയച്ചു വാങ്ങണം. ഈ ഇൻഡൻറ് ഇതിനോടു ചേൎത്തിരിക്കുന്ന ൩-ം ഫാറത്തിൽ എഴുതിയതും ൩ പ്രതിയുള്ളതും ആയിരിക്കണം. അസൽ ഇൻഡൻറിനെ ഇൻസ്പെക്ടരൊ ഡിവിഷൻ സൎവ്വേയരൊ താലൂക്ക സൎവ്വേയരൊ അയാളുടെ ആഫീസ് പകൎപ്പായി വെച്ചുകൊള്ളണം. രണ്ടാമത്തെ പ്രതിയെ ഇൻസ്പെക്ടരൊ ഡിവിഷൻ സൎവ്വേയരൊ താലൂക്ക സൎവ്വേയരൊ പതുക്കിട്ടുള്ള കല്ലുകൾക്കു ഉണ്ടാകേണ്ട പണം വകക്കു അവർ തഹശീൽദാൎക്ക അയക്കുന്ന കണക്കിനോടു ഒന്നിച്ചു അയക്കണം. മൂന്നാമത്തെ പ്രതി പകുതി ഡെപ്പൊ മേൽവിചാരം ഉള്ള കണക്കൻ തഹശീൽദാൎക്ക അയക്കുന്ന പകുതിവക കല്ലുഡെപ്പോവിലെ മാസാന്തകല്ലു കണക്കിനോടു ഒന്നിച്ചു അയക്കണം.

19. ഇൻസ്പെക്ടരൊ ഡിവിഷൻ സൎവ്വേയരൊ താലൂക്ക സൎവ്വേയരൊ മാസം ചെന്നുനോക്കി തീരുവോളം കല്ലുകൾ പതുക്കിയ വകക്കും കേടുപാടു തീൎത്ത വകക്കും കുടികളുടെ പക്കൽ നിന്നും ഉണ്ടാക്കേണ്ടതായ തുകകൾക്കു ഒരു കണക്കു ഇതിനോടു ഒന്നിച്ചു ചേൎത്തിരിക്കുന്ന ൪-ാം ഫാറത്തിലും ൫-ാം ഫാറത്തിലും ആയി ഇരട്ടിപ്പായി തയ്യാറാക്കി ഒരു പ്രതി തഹശീൽദാൎക്ക അയക്കുകയും മറ്റെ പ്രതി പണം പിരിക്കുന്നതിലേക്കായി കണക്കന് അയക്കുകയും ചെയ്യണം.

കുറിപ്പു:—കല്ലുകളെ പകുതിവക ഡെപ്പോവിൽ നിന്നും ഫീൽഡുകളിലേക്കു കൊണ്ടുപോകുന്നതിനും അവയെ യഥാസ്ഥാനത്തിൽ സ്ഥാപിക്കുന്നതിനും കഴിയുന്നേടത്തോളം പകുതിക്കീഴ് ജീവനക്കാരെ ഉപയോഗിക്കേണ്ടതാകുന്നു. ഭൂമിയുടെ ഉടമസ്ഥന്റെയൊ അനുഭവക്കാരന്റെയൊ സഹായവും സാധാരണയായി ഏൎപ്പെടുത്താം. കൂലിവേല കൂടാതെ കഴിയാൻ പാടില്ലെങ്കിൽ മാത്രമെ കൂലിക്കാരെ നിയമിക്കാവൂ. വേലക്കാരെ വെച്ചു കൂലി കൊടുക്കേണ്ടതു ആവശ്യം ആണെന്നു കണ്ടാൽ അയാൾ അതിന്റെ ഒരു കണക്കു സംഗതികളുടെ പൂൎണ്ണ സമാധാനത്തോടുകൂടി തഹശീൽദാൎക്ക അയക്കുകയും ആ ചിലവിനെ ഭൂമിയുടെ ഉടമസ്ഥന്റെയൊ അനുഭവക്കാരന്റെയൊ പേരിൽ ചുമത്തുകയും ചെയ്യണം.

30. ാം കണക്കിൽ ൧൦-ാം കള്ളിയിൽ കാണിച്ചിരിക്കുന്ന തുകയെ ൩- ദിവസത്തിനകം പിരിക്കുന്നതിനു കണക്കനു കഴിയാതെ പോയാൽ കണക്കൻ ഈടാക്കേണ്ടു ഒരോ ഇനം തുകയെ സംബന്ധിച്ചും ഉള്ള പൂർണ്ണമായ വിവരങ്ങളെ എല്ലാം ഒരോ പട്ടാദാരന്റെ വകയും ഇതിനോടു ചേർത്തിരിക്കുന്ന ൻ-ാം ഫാറത്തിൽ ഒരു പ്രത്യേകം സ്റ്റേറ്റ്മെണ്ടിൽ എഴുതണം. ഈ സ്റ്റേറ്റ്മെണ്ട് ഇരട്ടിപ്പായിരിക്കണം. ഇതിൽ ഒരു പ്രതി പട്ടാദാൎക്കു കൊടുത്തു നടത്തിക്കയും മറേറ പ്രതിയെ എന്തു നടപടി നടത്തിയിരിക്കുന്നു എന്നു വിവരം എഴുതി താലൂക്കിലേക്കു അയക്കുകയും ചെയ്യണം. തഹശീൽദാർ അതിന്മേൽ ഡിമാൻഡ് അയക്കുകയും ഈടാക്കേണ്ട തുക ഈടാക്കുന്നതിലേക്കു ആവശ്യം ഉള്ള നടപടി നടത്തുകയും ചെയ്യണം.

31. ഒരു പകുതിയിൽ ആകെ ഉള്ള എണ്ണം കല്ലുകളും തന്നാണ്ടിൽ പരിശോധിച്ചു എണ്ണവും കേടുപാടു തീർത്തതും പുതുക്കിയതും ആയ എണ്ണവും കാണാതെ പോയതോ കേടുപാടു തീർക്കാനുള്ളതോ ആയ എണ്ണവും കാണിച്ചു ഇതിനോടു ചേർത്തിരിക്കുന്ന ൭-ം നമ്പർ ഫാറത്തിൽ ഒരു വാർഷിക കണക്ക പ്രവൃത്തി കണക്കൻ തഹശീൽദാൎക്കും തഹശീൽദാർ ഡിവിഷൻ പേഷ്കാൎക്കും അയക്കേണ്ടതാകുന്നു.

32. ഡിവിഷൻപേഷ്കാർ അവരവരുടെ ഉള്ള അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ ഡിമാർക്കേഷൻ കല്ലുകളെ സംരക്ഷിക്കുന്ന സംഗതിയെ തന്നാണ്ടിൽ വേണ്ടപോലെ ശ്രദ്ധിച്ചിട്ടുണ്ടൊ എന്നു പ്രത്യേകം കാണിക്കയും മുൻ പറഞ്ഞ വിധത്തിൽ എല്ലാംകൂടി ചേർന്നതായ ഒരു സ്റ്റേറ്റ്മെണ്ട് റിപ്പോർട്ടിനോടു ഒന്നിച്ചു അയക്കുകയും ചെയ്യണം.

ഹജൂർക്കച്ചേരി
തിരുവനന്തപുരം
൧൦൮൭ കർക്കടകം ൧൮-ാം
൧൯൧൨ ആഗസ്റ്റ ൩-

എം. ജെ. വീയാറ
ഗവൎമ്മെണ്ട് ചീഫ് സെക്രട്ടറി.

ഫാറം നമ്പർ ൧.

നോട്ടീസ് ഫാറം.

൧. ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നതു എന്തെന്നാൽ ഇതിനോടു ചേർത്തിരിക്കുന്ന ലിസ്റ്റുകളിൽ വിവരിച്ചിരിക്കുന്ന സർവ്വെ അടയാളങ്ങൾ കാണുന്നില്ല അല്ലെങ്കിൽ അവയിൽ വിവരിച്ചിരിക്കുമ്പോലെ കേടുപാടു ഉള്ളവയായിരിക്കുന്നു.

൨. ലിസ്റ്റിൽ ൩-ാം കള്ളിയിൽ വിവരിച്ചിരിക്കുന്ന ഹിതാധികളിൽ ബാധ്യപ്പെട്ടവർ ഈ പരസ്യം നടത്തിയ തീയതി മുതൽ ൧൫ ദിവസത്തിനകം ആവശ്യമുള്ള പുതുക്കലൊ കേടുപാടു തീർക്കലൊ നടത്തിക്കേണ്ടതാകുന്നു. അവർ അങ്ങിനെ ചെയ്യില്ലെന്നു വരികിൽ തഹശീൽദാരൊ ഇൻസ്പെക്ടരൊ ഡിവിഷൻ സർവ്വെയരൊ താലൂക്ക സർവ്വെയരൊ വേണ്ട കാര്യം നടത്തുന്നതും അതിലേക്കുള്ള ചിലവിനെ ലിസ്റ്റിൽ ൩-ാം കള്ളിയിൽ വിവരിച്ചിരിക്കുന്ന ഭൂമികൾക്ക വീതിക്കയും ആ ഭൂമികളിൽ നിന്നു കരക്കുടിശ്ശിഖ എന്നപോലെ ഈടാക്കുകയും ചെയ്യുന്നതും ആകുന്നു.

൩. കൂടുതൽ വിവരം അറിയണം എന്നു ആവശ്യം ഉള്ളവർ പ്രവൃത്തി ഉദ്യോഗസ്ഥന്മാരോടു അപേക്ഷിക്കേണ്ടതാകുന്നു. ഈ സംഗതിയിൽ ന്യായമായി വേണ്ട എല്ലാ സഹായവും കുടികൾക്ക നൽകുന്നതിനു ആ ഉദ്യോഗസ്ഥന്മാരോടു ആജ്ഞാപിച്ചിട്ടും ഉണ്ടു.

ഇൻസ്പെക്ടർ താലൂക്ക സർവ്വെയർ
അല്ലെങ്കിൽ ഡിവിഷൻ സർവ്വെയർ
(ഒപ്പു)

ഫാറം നംബർ ൮.

ജില്ല — പകർത്തിയ ൽ സബ്ബ് ... ഇടയിലുള്ള ... ശേഖരിച്ചതിന്റെയും ചിലവായതിന്റെയും വിവരം കാണിക്കുന്ന

വരവോ ചിലവോ ആയത്	വരവിന്റെയോ ചിലവിന്റെയോ തീയതി	ആരിൽ നിന്നു വരവോ ആർക്കു ചിലവോ ആയ ആളുടെ പേര്	ന്യായാധ്യക്ഷന്മാരുടെ കല്ലുകൾ			ഫീസു കല്ലുകൾ			സബ്ബ് ഡിവിഷൻ കല്ലുകൾ			ആകെ		വിറ്റ ചിലവായ ഇനത്തിൽ മേലധികാരികൾക്ക് അയച്ചു കൊടുത്ത തുകയും തീയതിയും
			എണ്ണം	കല്ലിന്മേൽ നിശ്ചയിച്ച വില	ആകെ വില	എണ്ണം	കല്ലിന്മേൽ നിശ്ചയിച്ച വില	ആകെ വില	എണ്ണം	കല്ലിന്മേൽ നിശ്ചയിച്ച വില	ആകെ വില	എണ്ണം	വില	
൧	൨	൩	൪	൫	൬	൭	൮	൯	൧൦	൧൧	൧൨	൧൩	൧൪	൧൫

ഫാറം നമ്പർ ൩.

സർവെ അടയാളങ്ങൾക്കുള്ള ഇണ്ടെണ്ട്.

അസൽ.

ഇണ്ടെണ്ട് അയക്കുന്ന ഉദ്യോഗസ്ഥൻ വച്ചുകൊള്ളേണ്ടതു.

ഇണ്ടെണ്ട് നമ്പർ

തീയതി

കല്ലു ഡെപ്പോ }
പകുതിയുടെ നമ്പരും പേരും }

തിയോഡലൈറ്റ് കല്ലുകളുടെ എണ്ണം

ഫീല്ഡ് ടി

സബ് ഡിവിഷൻ ടി

ഡിവിഷൻ സർവെയർ, താലൂക്ക സർവെയർ

ഇൻസ്പെക്ടർ അല്ലെങ്കിൽ തഹശീൽദാർ.

ഫാറം നമ്പർ ൩.

സർവെ അടയാളങ്ങൾക്കുള്ള ഇണ്ടെണ്ട്.

ഇരട്ടിപ്പ്.

ഇണ്ടെണ്ട് അയക്കുന്ന ഉദ്യോഗസ്ഥൻ പണം ഈടാക്കുന്ന വകയ്ക്ക് തഹശീൽദാർക്ക് അയക്കുന്ന കണക്കിനോടു ഒന്നിച്ച് അയക്കേണ്ടതു.

ഇണ്ടെണ്ട് നമ്പർ

തീയതി

കല്ലു ഡെപ്പോ }
പകുതിയുടെ നമ്പരും പേരും }

തിയോഡലൈറ്റ് കല്ലുകളുടെ എണ്ണം

ഫീല്ഡ് ടി

സബ് ഡിവിഷൻ ടി

ഡിവിഷൻ സർവെയർ, താലൂക്ക സർവെയർ

ഇൻസ്പെക്ടർ അല്ലെങ്കിൽ തഹശീൽദാർ.

ഫാറം നമ്പർ ൩.

സർവെ അടയാളങ്ങൾക്കുള്ള ഇണ്ടെണ്ട്.

മൂന്നാം പ്രതി.

പകുതിക്കണക്കൻ തഹശീൽദാർക്ക് അയക്കുന്ന ഡെപ്പോ കണക്കിനോടു ഒന്നിച്ച് അയക്കേണ്ടതു.

ഇണ്ടെണ്ട് നമ്പർ

തീയതി

കല്ലു ഡെപ്പോ }
പകുതിയുടെ നമ്പരും പേരും }

തിയോഡലൈറ്റ് കല്ലുകളുടെ എണ്ണം

ഫീല്ഡ് ടി

സബ് ഡിവിഷൻ ടി

ഡിവിഷൻ സർവെയർ, താലൂക്ക സർവെയർ,

ഇൻസ്പെക്ടർ അല്ലെങ്കിൽ, തഹശീൽദാർ.

ഫാറം നമ്പർ ൮.

൧൦൫ ൦ാണ്ടു ൽ താലൂക്ക പകുതിയിൽ സർവെ അടയാളങ്ങളും കേടു തീർക്കുകയും പുതുതായി വെക്കുകയും ചെയ്തതിനു ഉണ്ടായ ചിലവു വിവരം രജിസ്റ്റർ.

ഫീൽഡ് കല്ലുകൾ

കല്ലിന്റെ സർവെ നമ്പരും വരിക്രമ നമ്പരും	കല്ലിന്റെ വില	കേടു തീർക്കുകയോ പുതുതായി വെക്കുകയോ ചെയ്യുന്നതിനുള്ള ചിലവു ൪ അണയോ ൧൨ അണയോ	കൂലി ചിലവു വല്ലതും ഉണ്ടെങ്കിൽ അതു	ആകെ ചിലവു (൨, ൩, ൪ ഈ കള്ളികളുടെ മൊത്തം)	൫-ാം കള്ളിയിലെ ചിലവു ഈടാക്കേണ്ടുന്ന ഫീൽഡുകളുടെ സർവെ സബ്ഡിവിഷൻ നമ്പരുകളും	ഓരോ ഫീൽഡിൽ നിന്നോ സബ്ഡിവിഷനിൽ നിന്നോ വസൂലാക്കേണ്ടുന്ന തുകെ ചിലവു		ഓരോ പട്ടാദാരുടെ പക്കൽ നിന്നും ഈടാക്കേണ്ടുന്ന ചിലവു	
						ഫീൽഡു സർവെ അല്ലെങ്കിൽ സബ്ഡിവിഷൻ നമ്പർ ഇവ രണ്ടും	സംഖ്യ	പട്ടാദാരുടെ പേർ	സംഖ്യ
൧	൨	൩	൪	൫	൬	൭	൮	൯	൧൦

കുറിപ്പ്—൫, ൮, ൧൦ ഈ കള്ളികളിലെ തുകത്തുകകൾ ഒന്നു തന്നെയായിരിക്കണം

പകുതി

തിയതി

ഡിവിഷൻ സർവെയർ, താലൂക്ക സർവെയർ,
ഇൻസ്പെക്ടർ അല്ലെങ്കിൽ തഹശീൽദാർ

ഫാറം നമ്പർ ൫.

൧൦൮൨ മാണ്ടു ന- താലൂക്ക പകുതിയിൽ സർവേ അടയാളങ്ങളും കേടു തീക്കുകയും

പുതുതായി വെക്കുകയും ചെയ്യുതിന്നുണ്ടായ ചിലവു വിവരം റെജിസ്റ്റർ.

സബ്ബ ഡിവിഷൻ കല്ലുകൾ

പകുതി സ്കെച്ചിന്റെ വരിക്ക ൧-ാം നമ്പർ	കല്ലുകളുടെ വില	കേടുതീക്കുകയോ പുതുതായി വെക്കുകയോ ചെയ്യുതിന്നോ ചിലവു ൪ അണയോ ൮ അണയോ	കൂലിചിലവു വകയും ഉണ്ടെങ്കിൽ അതു.	ആകെ ചിലവു (൨, ൩, ൪ ഈ കള്ളികളുടെ മൊത്തം)	൫-ാം കള്ളിയിലെ ചിലവു ഈടാക്കേണ്ടതായ ഫീൽഡുകളുടെയോ സബ്ബ ഡിവിഷൻകളുടെയോ	ഓരോ ഫീൽഡിൽ നിന്നോ സബ്ബ ഡിവിഷനിൽ നിന്നോ വസൂലാക്കേണ്ടുന്ന ആകെ ചിലവു		ഓരോ പട്ടാദാരുടെ പക്കൽ നിന്നും ഈടാക്കേണ്ടുന്ന ചിലവു	
						ഫീൽഡു അല്ലെങ്കിൽ സബ്ബ ഡിവിഷൻ നമ്പരോ അക്ഷരമോ	സംഖ്യ	പട്ടാദാരുടെ പേർ	സംഖ്യ
൧	൨	൩	൪	൫	൬	൭	൮	൯	൧൦

പകുതി
തീയതി

ഡിവിഷൻ സർവെയരൊ താലൂക്ക സർവെയരൊ
ഇൻസ്പെക്ടരൊ തഹശീൽദാരൊ

ഫാറം നമ്പർ ൬.

താലൂക്ക പകുതിയിൽ നമ്പർ പട്ടാദാരുടെ പേരിൽ രജിസ്റ്റർ ചെയ്ത ഭൂമികൾ വകക്ക ൧൦൭൪-ം ആണ്ടത്തെ സൎവ്വേ റെഗുലേഷനായ അതിർത്തി റെഗുലേഷൻ ൨൨-ം വകുപ്പിൻപ്രകാരം വസൂലാക്കേണ്ടുന്ന സംഖ്യയുടെ വിവരം കണക്ക.

സൎവ്വേ നമ്പരും സബ് ഡിവിഷൻ നമ്പരും അതാതു കള്ളികളുടെ വിസ്തീൎണ്ണവും	കല്ലിന്റെ വില	കല്ലു കൊണ്ടുവന്നതിനുള്ള ചിലവു	കല്ലു നാട്ടിയ ചിലവും മറ്റും	ആകെ ചിലവു (൨, ൩, ൪ ഈ കള്ളികളുടെ മൊത്തം)	൫-ാം കള്ളിയിലെ ചിലവു ഓരോ സബ് ഡിവിഷനും വീതിച്ചതു	ഏതെങ്കിലും ഫീൽഡിൽ നിന്നോ സബ് ഡിവിഷനിൽ നിന്നോ വസൂലാക്കേണ്ടുന്ന ആകെ ചിലവു: ഫീൽഡ് അല്ലെങ്കിൽ സബ് ഡിവിഷൻ നമ്പർ	ഏതെങ്കിലും ഫീൽഡിൽ നിന്നോ സബ് ഡിവിഷനിൽ നിന്നോ വസൂലാക്കേണ്ടുന്ന ആകെ ചിലവു: സംഖ്യ	റിമാർക്ക
൧	൨.	൩.	൪	൫	൬	൭	൮	൯

൧൦൦-ം കണക്ക പട്ടയക്കാരനിൽ നടത്തിയിരിക്കുന്ന വിധത്തെക്കുറിച്ചുള്ള സാക്ഷ്യപ്പെടുത്തൽ

പകുതി
തിയതി

പകുതി കണക്കൻ

ഫാറം നമ്പർ ൭.

൧൦൮൨-ാമാണ്ടിൽ സർവെ അടയാളങ്ങൾ പുതുതാക്കുകയും കേടു തീർക്കുകയും ചെയ്തതിന്റെ വകക്കു വർഷാന്ത കണക്ക.

പകുതിയുടെ നമ്പരും പേരും	കല്ലുകളുടെ വിവരം	പകുതിയിലെ അടയാളങ്ങളുടെ മൊത്തം എണ്ണം	പരിശോധിക്കപ്പെട്ട കല്ലുകളുടെ എണ്ണം		പരിശോധിക്കപ്പെട്ട കല്ലുകളിൽ		പുതുപ്പിക്കപ്പെട്ട കല്ലുകളുടെ എണ്ണം			കേടുപാട തീർക്കപ്പെട്ട കല്ലുകളുടെ എണ്ണം			ബാക്കി കിടപ്പുള്ള കല്ലുകളുടെ എണ്ണം		
			മാനേജരാൽ	ഇൻസ്പെക്ടർ അല്ലെങ്കിൽ സൂപ്രവൈസർമാരാൽ	കാണാതെ പോയവയുടെ എണ്ണം	കേടുപാട തീർക്കേണ്ടവയുടെ എണ്ണം	കുടികളാൽ	പ്രവൃത്തി കണക്കനാൽ	ഇൻസ്പെക്ടറാൽ	കുടികളാൽ	പ്രവൃത്തി കണക്കനാൽ	ഇൻസ്പെക്ടറാൽ	പരിശോധിക്കേണ്ടവ	പുതുതായി വെയ്ക്കേണ്ടവ	കേടുപാട തീർക്കേണ്ടവ
൧	൨	൩	൪	൫	൬	൭	൮	൯	൧൦	൧൧	൧൨	൧൩	൧൪	൧൫	൧൬
	തിയഡിലെ കല്ല്														
	സർവെ ഫീൽഡ് കല്ല്														
	സബ് ഡിവിഷൻ കല്ല്														

പകുതി

തിയതി

പകുതികണക്കൻ

പരസ്യം.

നാട്ടിൽ ഉള്ള അനേകം കേസുകളിൽ ചട്ടപ്രകാരം ബോധിക്കപ്പെട്ടിട്ടുള്ള കാലാവധി തീർന്നു തീർപ്പാകാതെ വിധത്തിൽ പിന്നീട് അപ്പീലുകൾ ബോധിപ്പിക്കപ്പെടുന്നതായി ഗവര്മെന്റ് അറിയാൻ ഇടവന്നിരിക്കുന്നു. താമസത്തിനുള്ള കാരണമായി കക്ഷികളും വക്കീലന്മാരും ബോധിപ്പിക്കുന്നതു ഡിപ്പാർട്ടുമെന്റുകളിലെയോ കച്ചേരികളുടെയോ മേലധികാരികൾ അവരുടെ ഉത്തരവുകളെ തങ്ങളെ അറിയിച്ചിട്ടില്ല എന്നും തങ്ങൾ തീർച്ച വിവരം അറിഞ്ഞ ഉടനെ പകർപ്പിനു അപേക്ഷിക്കയും പിന്നീടു അപ്പീൽ ബോധിപ്പിക്കയും ചെയ്തിട്ടുണ്ടു എന്നും ആകുന്നു. ചില സംഗതികളിൽ സംബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ പകർപ്പു കൊടുക്കാൻ ഇടയില്ല എന്നു പറഞ്ഞിട്ടുള്ളതായി ബോധിപ്പിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടു യാതൊരു പകർപ്പും ഇല്ലാതെയും അപ്പീലുകൾ ബോധിപ്പിച്ചിട്ടുണ്ട്. കാലഹരണപ്പെട്ടിരിക്കയോ കീഴ്സ്ഥലത്തിലെ ഉത്തരവു ഹാജരാക്കാതിരിക്കയോ ചെയ്തിരിക്കുന്നു എന്നുള്ള കാരണത്തിന്മേൽ അപ്പീലുകൾ തള്ളപ്പെടുന്ന കക്ഷികൾക്കു ഈ അവസ്ഥ ദോഷകരം ആയി തീർന്നിരിക്കുന്നു എന്നു മാത്രം അല്ല, ഈ ജോലി നടത്തിപ്പിനും വലിയ തടസ്ഥത്തെ ഉണ്ടാക്കുന്നു. അതുകൊണ്ടു ഇതിനു താഴെ വീണ്ടും പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ൧൧൦൭-ാം വർഷം മേടമാസം ൩൦൹-ലെ ഹജികളും അപ്പീലുകളും ബോധിപ്പിക്കയും തീർച്ച ചെയ്കയും ചെയ്യുന്നതിനെ സംബന്ധിച്ച ചട്ടങ്ങളിൽ ൭ മുതൽ ൧൦ വരെ വകുപ്പുകളിലെ വ്യവസ്ഥകളെ ഡിപ്പാർട്ടുമെന്റ് മേലധികാരികളും കച്ചേരികളിലെ മേലധികാരികളും ശ്രദ്ധിക്കയും ഈ വ്യവസ്ഥകളെ ഖണ്ഡിതമായി നടത്തിക്കുന്നുണ്ടോ എന്നു നോക്കുകയും ചെയ്യേണ്ടതാകുന്നു. അപ്പീലുകൾ അല്ലാതെയുള്ള സാധാരണ ഹജികളിലും ഈ ചട്ടങ്ങളെ ദൃഷ്ടിയിൽ വെച്ചുകൊള്ളേണ്ടതും അവയുടെ അവസാനമായ തീർച്ചയെപ്പറ്റിയോ അവയെ കുറിച്ചു എന്തു നടപടി നടത്തിയിരിക്കുന്നു എന്ന കാര്യത്തെപ്പറ്റിയോ എല്ലാ ഡിപ്പാർട്ടുമെന്റുകളും സംബന്ധപ്പെട്ട ഹജിക്കാർക്കു നിയമേന കൊടുക്കേണ്ടതും ആകുന്നു. ഹജികളെ തീർച്ച ചെയ്യുന്നതിൽ എല്ലാ അനാവശ്യ താമസത്തേയും ദീർഘസൂത്രതയേയും കഴിയുന്നേടത്തോളം ഒഴിക്കേണ്ടതാകുന്നു. ഈ ചട്ടങ്ങളെ ഖണ്ഡിതമായി അനുസരിക്കുന്നതിനു അവരവരുടെ കീഴ് ഉദ്യോഗസ്ഥന്മാർക്കും വേണ്ട ഉത്തരവുകൾ അയക്കണം. ഈ ചട്ടങ്ങളെ യാതൊരു വിധത്തിലും ലംഘിക്കുന്നതിനെ ഗവര്മെന്റ് ഗൗരവത്തോടുകൂടി ഗണിക്കുന്നതാണെന്നു അവരെ ധരിപ്പിക്കയും ചെയ്യണം. ഈ ആജ്ഞകളെ അനുവർത്തിക്കുന്നതിനുള്ള ആവശ്യകത ഗവര്മെന്റിനു നേരിടുക ഇല്ല എന്നും അവയെ ലംഘിച്ചതായി യാതൊരു സംഗതിയും അറിയുന്നതിനു ഗവര്മെന്റിനു ഇടവരാതിരിക്കും എന്നും ഗവര്മെന്റ് വിശ്വസിക്കുന്നു.

ഹജൂർകച്ചേരി,
തിരുവനന്തപുരം,
[illegible] ജൂലായി [illegible]

എ. ജെ. വിയറാ,
ഗവര്മെന്റ് ചീഫ് സെക്രട്ടറി.

൧൧൦൭-ാം വർഷം മേടമാസം ൩൦൹-ക്കു ൧൧൦൭-മാണ്ടു ഇടവമാസം ൧൬൹ കല്പിച്ചു അനുവദിച്ച ഹജി ചട്ടങ്ങൾ.

൭. റവന്യൂ കാര്യങ്ങളെപ്പറ്റിയുള്ള എല്ലാ ആവലാതികളേയും ഹജികളും മുഖാന്തരം ആദ്യം അവയെ തീരുമാനിക്കുന്നതിനു അധികാരം ഉള്ള ഉദ്യോഗസ്ഥന്റെ അടുക്കൽ ബോധിപ്പിക്കേണ്ടതാകുന്നു.

അങ്ങനെ ബോധിപ്പിക്കാത്ത വല്ല ഹജിയേയും സ്വീകരിക്കുന്ന ഉദ്യോഗസ്ഥനു അതിൽ പറയുന്ന കാര്യത്തെ തീരുമാനിക്കുന്നതിനു അധികാരം ഇല്ലാതെ ഇരുന്നാൽ അയാൾ ആ ഹജിക്കാരനെ ഉചിത ഉദ്യോഗസ്ഥന്റെ അടുക്കൽ ബോധിപ്പിക്കണം എന്നു എൻഡോഴ്സ്മെന്റ് മൂലം തെരിയപ്പെടുത്തേണ്ടതാകുന്നു.

൮. എല്ലാ റവന്യൂ ഉദ്യോഗസ്ഥന്മാരും ആവലാതികൾ ബോധിപ്പിക്കുന്നതിനുള്ള കുടിയാനവന്മാരോടു മുഖദാവിൽ കാര്യം ചോദിച്ചറിയുന്നതിനും ആ ആവലാതികൾക്കു തീരുമാനം ചെയ്യുന്നതിനും ആയി ആഴ്ചവട്ടത്തിൽ മൂന്നിൽ കുറയാതെ ഏതെങ്കിലും ദിവസങ്ങളിൽ പ്രത്യേകം ഒരു സമയം ക്ലിപ്തപ്പെടുത്തി വച്ചുകൊള്ളേണ്ടതാകുന്നു.

൯. (എ) ഹജിയിൽ പറയപ്പെട്ട കാര്യം ഉടൻതന്നെ തീരുമാനിക്കാൻ കഴിയുന്നതായിരുന്നാൽ ഹജിയെ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ ആ കാര്യത്തിനെ അപ്പോൾ തന്നെ തീർച്ച ചെയ്കയും ആ വിവരത്തിനു ഉത്തരവിട്ടു റിക്കാർഡ് ചെയ്കയും വേണം.

(ബി) ഒരു ഹൎജിയിൽ പറയപ്പെട്ട കാൎയ്യത്തിന്റെ തീരുമാനത്തിനു ആ ആഫീസിലെ മെമ്മാറാണ്ടംകൾ നോക്കേണ്ടിയിരുന്നാൽ ഹൎജി കിട്ടിയ ദിവസം കഴിഞ്ഞു നാലു ദിവസത്തിനകം ആ കാൎയ്യത്തെ തീരുമാനിക്കേണ്ടതാകുന്നു.

(സി) സ്ഥല വിചാരണ കഴിക്കേണ്ടതിലേക്കു ഒരു കീഴ്ഉദ്യോഗസ്ഥനെറ അടുക്കൽ അയക്കേണ്ടിയിരുന്നാൽ ഹൎജി കിട്ടിയ തിയതിയുടെ പിറെറ ദിവസത്തിൽ അധികം താമസിയാതെ ആവശ്യപ്പെട്ട വിവരം ഇന്നതാണെന്നു സ്പഷ്ടമായി വിവരിച്ചു അതിനെപ്പറ്റി റിപ്പോൎട്ട് ചെയ്യുന്നതിനു ഉത്തരവോടുകൂടി ഹൎജിയെ കീഴ്ഉദ്യോഗസ്ഥനെറ അടുക്കൽ അയക്കേണ്ടതാകുന്നു. ൬-ാം ചട്ടപ്രകാരം ആവശ്യമായി ഹൎജികളെ റിപ്പോൎട്ടിനു അയക്കാതെയിരിക്കാൻ തക്കവണ്ണം സൂക്ഷിച്ചുകൊള്ളുകയും വേണം.

൪. മൂന്നാം വകുപ്പിന്റെ സി ഖണ്ഡപ്രകാരം യാതൊരു ഉദ്യോഗസ്ഥനെറ അടുക്കൽ വിചാരണക്ക് ഹൎജി അയക്കപ്പെട്ടോ അയാൾ നിവൃത്തിയുള്ളിടത്തോളം താമസം കൂടാതെ ആവശ്യപ്പെട്ട വിചാരണ കഴിച്ചു ചോദിച്ചിട്ടുള്ള വിവരത്തിനു റിപ്പോൎട്ട് ചെയ്യേണ്ടതാകുന്നു. അങ്ങനെ അയക്കുന്ന റിപ്പോൎട്ട് കഴിയുന്നിടത്തോളം ആ റിപ്പോൎട്ട് ആവശ്യപ്പെടുന്ന ഉദ്യോഗസ്ഥനു വീണ്ടും അതിനെക്കുറിച്ചു വിവരങ്ങൾ എഴുതി ചോദിക്കുന്നതിനു ആവശ്യപ്പെടാതെയിരിക്കത്തക്കവണ്ണം പൂൎത്തിയായിരിക്കേണ്ടതാകുന്നു. അങ്ങനെയുള്ള റിപ്പോൎട്ട് കിട്ടിയപ്പോൾ തന്നെ യാതൊരു ഉദ്യോഗസ്ഥനെറ അടുക്കൽ ഹൎജി ബോധിപ്പിക്കപ്പെട്ടുവോ അയാൾ അതിൽ പറയപ്പെട്ട കാൎയ്യത്തെ തീരുമാനപ്പെടുത്തേണ്ടതാകുന്നു.

൫. അങ്ങനെ തീരുമാനം ചെയ്യുന്ന എല്ലാ സംഗതിയിലും തീരുമാനത്തിലേക്കുള്ള കാരണങ്ങളെ വിവരിച്ചു രേഖാമൂലമായ ഒരു ഉത്തരവിനെ കേസിൽ ചേൎത്തു വെക്കയും അതിൽപിന്നെ കഴിയുന്നിടത്തോളം വേഗത്തിൽ അതിന്റെ ഒരു പകൎപ്പിനെ ഹൎജിയുടെ പുറത്തോ പ്രത്യേകമായിട്ടോ എഴുതി തീരുമാനപ്പെടുത്തുന്ന ഉദ്യോഗസ്ഥനെറ കയ്യൊപ്പും മുദ്രയും വച്ചു കൊടുക്കയും ചെയ്യേണ്ടതാകുന്നു.

൬. അങ്ങനെ കൊടുത്ത ഉത്തരവു ആകെക്കൂടി സംബന്ധിക്കുന്നതായ രേഖകൾ ഏതു എഴുത്തുകളോ കടലാസുകളോ നിമിത്തം ആ ഉദ്യോഗസ്ഥൻ ആ ഉത്തരവിടാൻ ഇട വന്നുവോ ആ എഴുത്തുകളുടേയും കടലാസുകളുടേയും പകൎപ്പുകൾ ഹൎജിക്കാരൻ അപേക്ഷിച്ചാൽ അവ കിട്ടുന്നതിനു അവകാശമുണ്ടായിരിക്കുന്നതാകുന്നു. അങ്ങനെയുള്ള പകൎപ്പുകൾ അപേക്ഷക്കാരന്റെ ചിലവിന്മേൽ കൊടുക്കേണ്ടതാകുന്നു. എന്നാൽ ഗവൎമ്മെണ്ടിൽ നിന്നും ഉണ്ടാകിട്ടുള്ളതായിരിക്കുന്ന വല്ല ഉത്തരവുകളാലും ഉദ്യോഗസ്ഥനു കൊടുക്കാൻ പാടില്ലാത്ത പകൎപ്പുകൾ യാതൊന്നും കൊടുക്കപ്പെടുന്നതല്ല.

൭. മുൻ പറയപ്പെട്ട ചട്ടപ്രകാരം കൊടുക്കേണ്ടതായുള്ള എല്ലാ പകൎപ്പുകളും കടലാസു ഹാജരാക്കിയതിന്റെ ശേഷം മൂന്നു ദിവസത്തിൽ അധികം താമസിക്കാതെ നിയമേന കൊടുക്കേണ്ടതാകുന്നു.

൮. മുൻ പറയപ്പെട്ട വല്ല ഉത്തരവിനാലും സങ്കടം ഉള്ളതായി വിചാരിക്കുന്ന ഏതെങ്കിലും കക്ഷിക്കു അടുത്ത മേലധികാരിയുടേയും ഒടുക്കം ഗവൎമ്മെണ്ടിന്റേയും മുമ്പാകെ അപ്പീൽ ബോധിപ്പിക്കുന്നതിനു സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാകുന്നു. — അപ്പീലുകൾ.

൯. ഹൎജിയിൽ കീഴ്ഉദ്യോഗസ്ഥന്റെ എന്ഡോഴ്സ്മെണ്ടോ അല്ലെങ്കിൽ അതിനോടുകൂടി അയാളുടെ ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തീട്ടുള്ള ഒരു പകൎപ്പോ ഉണ്ടായിരിക്കയോ അല്ലെങ്കിൽ ഒരു ഉദ്യോഗസ്ഥൻ ഒരു എന്ഡോഴ്സ്മെണ്ടോ ഉത്തരവിന്റെ പകൎപ്പോ കൊടുക്കയില്ലാ എന്നു പറഞ്ഞതായിട്ടു സ്പഷ്ടമായി ബോധിപ്പിക്കയോ ചെയ്യാൽ അല്ലാതെ യാതൊരു കാൎയ്യത്തെയും പററി യാതൊരു അപ്പീൽ അധികാരിയും ഒരു അപ്പീൽ ഹൎജി വാങ്ങിക്കൂടാത്തതാകുന്നു.

൧൦. അപ്പീൽ ഹൎജികളിൽ അപ്പീൽ ചെയ്യുന്നതിനുള്ള കാരണങ്ങളെ കഴിയുന്നിടത്തോളം വിവരിച്ചിരിക്കേണ്ടതും തന്റെ സംഗതിയെ ശുദ്ധപ്പെടുത്തുന്നതിലേക്കായി ഹാജരാക്കണം എന്നു അപ്പീൽ അധികാരിക്കാരൻ വിചാരിക്കുന്ന വല്ല പ്രമാണങ്ങളേയും കൂടി ആ ഹൎജികൾ സഹിതം വെക്കേണ്ടതും ആകുന്നു.

൧൧. അപ്പീൽ ഹൎജിയിൽ പറയപ്പെട്ട കാൎയ്യത്തിനു തീരുമാനം ചെയ്യുന്നതിനു മുമ്പെ ആദ്യം തീരുമാനം ചെയ്ത ഉദ്യോഗസ്ഥന്റെ അടുക്കൽ എഴുതി ചോദിക്കുന്നതു ആവശ്യം അധികാരപ്പെട്ടാൽ, അങ്ങനെ ആവശ്യപ്പെടുന്ന റിപ്പോൎട്ടോ സമാധാനമൊ, എതെന്നു വ

[illegible] ഉദ്യോഗസ്ഥന്മാർ [illegible] ഉദ്യോഗസ്ഥന്മാർ [illegible] അടുത്ത [illegible] പറയേണ്ടതാകുന്നു.

[illegible] അപ്പീൽ [illegible] എല്ലാ ഹർജികളെയും റിപ്പോർട്ടിനോടൊ [illegible] കൂടി [illegible]

[illegible] ഒരു മേലധികാരി റിപ്പോർട്ട് ചെയ്യുന്നതിനില്ലാത്ത കേവലം [illegible] ഹർജികളു [illegible] ഉദ്യോഗസ്ഥന്റെ [illegible] ഹർജിക്കാരൻ അപ്പീൽ ചെയ്യുന്ന [illegible] തീരുമാനം ചെയ്യുന്നതിനായി വീണ്ടും എഴുതി ചോദിക്കുന്നതിനു ഇടവരാതെ [illegible] ഹർജിക്കാരൻ [illegible] കൊള്ളേണ്ടതാകുന്നു.

[illegible] ഒരു അപ്പീൽ ഹർജി [illegible] അപ്പീൽ ഹർജിയിലെ [illegible] സ്വീകരിക്കേണ്ടതല്ലാത്തതാകുന്നു.

[illegible] കോർട്ടിൽ [illegible] കോർട്ടു [illegible] പ്രകാരം അപ്പീലായി [illegible] അപ്പീലായി [illegible] സ്വീകരിക്കപ്പെടുന്നതല്ല.

[illegible] കച്ചേരികളിൽ നിന്നും വരുന്ന ഹർജികളെ മാത്രം [illegible] നിന്നും സ്വീകരി [illegible] വക്കീലി [illegible] ഹർജികളെ [illegible] സ്വീകരി [illegible]

[illegible] മുദ്രപ്പത്രം [illegible] ഇല്ലാത്ത ഹർജികളെ [illegible] സ്വീകരിക്കുന്നതല്ല.

[illegible] എല്ലാ ഹർജികളിലും [illegible] സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ [illegible] തീയതിയും [illegible] തീയതിയും എഴുതി [illegible] ഉദ്യോഗസ്ഥന്റെ [illegible] അദ്ദേഹം [illegible] തീയതിയും [illegible] എഴുതി [illegible]

[illegible] ഹർജികളുടെ [illegible] ഉദ്യോഗസ്ഥൻ [illegible] അപ്പീലിലും [illegible] ഹർജികൾ [illegible] സ്വീകരിക്കപ്പെട്ട [illegible]

[illegible] ഹർജിയിൽ [illegible] തീരുമാനം [illegible] ഉത്തരവിന്റെ പകർപ്പിനെ [illegible] ഉത്തരവിനെ [illegible] പകർപ്പ് [illegible] എഴുതി ഹർജിക്കാ [illegible] കൂടി [illegible]

൨൭. മേലുദ്യോഗസ്ഥന്മാർ ഡിസ്ട്രിക്ടുകളിൽ സർക്യൂട്ട് പോകുമ്പോൾ തങ്ങളുടെ കീഴുദ്യോഗസ്ഥന്മാർ ഈ ചട്ടങ്ങൾ അനുസരിച്ചു നടക്കുന്നോ എന്നു നോക്കുകയും ഹർജി രജിസ്റ്റർ പുസ്തകത്തേയും തീരുമാനിക്കപ്പെടാത്ത ഹർജികളുടെ ഫയലിനേയും പരിശോധിക്കയും ഹർജി രജിസ്റ്റർ പുസ്തകത്തെ വെക്കുന്നതിലോ ഹർജികൾക്കു തീരുമാനം ചെയ്യുന്നതിലോ വല്ല ഉദാസീനതയേയോ അനാവശ്യമായ താമസത്തെയോ കണ്ടാൽ അതിനെ ശാസിക്കയും ചെയ്യേണ്ടതാകുന്നു.

അനുബന്ധം　　ആഫീസിലെ ഹർജി രജിസ്റ്റർ പുസ്തകം.

ക്രമത്തിനുള്ള നമ്പർ	ഹർജിക്കാരന്റെ പേര്	ഹർജിയുടെ മാസം	തീയതി	ഹർജി സ്വീകരിച്ച മാസം	തീയതി	ഹർജി ചുരുക്കം	ഉത്തരവിന്റെ നമ്പർ	ഉത്തരവിന്റെ ചുരുക്കം	റിമാർക്ക്സ്

No. S. R. 3947　　NOTICE.

It is hereby notified for general information that applications under Regulation III of 1061 for licenses for the manufacture and sale of arms, ammunition &c. for the year 1083 M. E. should be made to the respective Division Peishkars.

Huzur Cutcherry,
Trivandrum,
3rd August 1907.

A. J. VIEYRA,
Chief Secretary to Government.

പരസ്യം

൧൦൬൧-ാമാണ്ടത്തെ ൩-ാം റെഗുലേഷൻ അനുസരിച്ചു ആയുധങ്ങളും ഉണ്ടകളും മുതലായ പട്ടാള സാമാനങ്ങളും ഉണ്ടാക്കുകയോ വില്ക്കുകയോ ചെയ്യുന്നതിനു ൧൦൮൩-ാമാണ്ടത്തേക്കു ലൈസെൻസു വേണമെന്നു അപേക്ഷയുള്ള ആളുകൾ അതാതു ഡിവിഷൻ പേഷ്കാരന്മാരോടു അപേക്ഷിക്കേണ്ടതാണെന്നു ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

ഹജൂർകച്ചേരി
തിരുവനന്തപുരം
൧൯൦൭ ആഗസ്റ്റ് ൩൹

ഗവർമ്മെണ്ടു ചീഫ് സെക്രട്ടറി,
എ. ജെ. വീയറാ.

No. S. R. 3956　　NOTICE.

It is hereby notified for general information that applications for A and B Licenses for the vend of European liquor for the year 1083 M. E. should be made to the Assistant Excise Commissioners of the respective Divisions.

Huzur Cutcherry,
Trivandrum,
3rd August 1907.

A. J. VIEYRA,
Chief Secretary to Government.

പരസ്യം.

൧൦൮൩-ാമാണ്ടത്തേക്കു ശീമമദ്യം വ്യാപാരം ചെയ്യുന്നതിനു എ-യും ബി-യും ലൈസൻസുകൾ വേണമെന്നു അപേക്ഷയുള്ള ആളുകൾ അതാതു അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരുടെ അടുക്കൽ അപേക്ഷിക്കേണ്ടതാണെന്നു ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

ഹജൂർകച്ചേരി
തിരുവനന്തപുരം
൧൯൦൭ ആഗസ്റ്റ് ൩൹

ഗവർമ്മെണ്ടു ചീഫ് സെക്രട്ടറി,
എ. ജെ. വീയറാ.

Notice.

Adverting to the notice published on page 828 of the Government Gazette dated the 23rd July 1907, it is hereby notified for general information that the contract for the supply of the undermentioned articles required for the Industrial School of Arts, Trivandrum, for the Malabar year 1083 will be put up to public auction at the Huzur Cutcherry at 12 noon on Friday the 9th instant, when intending contractors or their authorised agents are invited to attend.

2. No one will be allowed to compete unless he has previously paid a deposit of Rs. (25) twenty-five as security for the bonafides of his bid.

3. Samples of articles to be supplied can be seen at the Industrial School of Arts Trivandrum.

4. On a bid being accepted, a deposit equal to ten per cent. of the value of the articles bid shall at once be made, including Rs. (25) twenty-five previously deposited, and the bidder shall within two days thereafter execute an agreement on stamp paper for due fulfilment of his contract. If he fails to make his further deposit or to execute his agreement, he shall forfeit the whole of his deposit. In this case or on failure to fulfil any part of the agreement, the contract will be resold, and should Government sustain any loss thereby the original bidder shall, in addition to the forfeiture of his deposit, be held responsible for the loss; but he shall not be entitled to any profit arising from the sale.

5. The deposit of Rs. (25) twenty-five made by unsuccessful bidders will be returned to them at the close of the auction.

6. The delivery of the articles contracted for should be made throughout the year in such quantities and at such times as may be required by the Superintendent of the School of Arts.

7. The bids should include all charges up to delivery at the Industrial School of Arts and no article will be accepted unless it is fully equal to the sample.

8. His Highness' Government reserves the right of rejecting any of the bids without assigning a reason.

Huzur Cutcherry,
Trivandrum,
3rd August 1907.

A. J. VIEYRA,
Chief Secretary to Government.

List of articles.

1. Fuel, well-dried excluding cashewnut, mango, and the like light wood, Length 3½ ft. and girth 15″ to 25″ ... ...Tons 300.
2. Black clay from Kulisilam, Kuriathil, Trivandrum ... ...Tons 200

പരസ്യം.

൧൯൦൭ ജൂലായി മാസം ൨൩-ാം൹-ലെ ഗവൺമെണ്ടു ഗസററിൽ ൮൭൭-ാം പേജിൽ പ്രസിദ്ധപ്പെടുത്തിട്ടുള്ള നോട്ടീസു അനുസരിച്ചു വീണ്ടും പരസ്യം ചെയ്യുന്നതു എന്തെന്നാൽ തിരുവനന്തപുരം കരകൌശല വിദ്യാശാല വകക്ക ൧൦൮൩-ാമാണ്ടത്തെക്ക ആവശ്യപ്പെട്ടിരിക്കുന്നതായ താഴെ പറയുന്ന സാമാനങ്ങളുടെ വകക്കുള്ള കുത്തകയെ ൧൯൦൭-ാം വർഷം ആഗസ്റ്റ മാസം ൯-ാം൹ക്ക ൧൦൮൩-ാമാണ്ടു കർക്കടകമാസം ൨൫-ാം൹ വെള്ളിയാഴ്ച പകൽ ൧൨ മണിക്ക ഹജൂർക്കച്ചേരിയിൽവച്ചു ലേലത്തിൽ ഇടുന്നതാകകൊണ്ടു ലേലത്തിൽ വിളിക്കൊള്ളാൻ മനസ്സുള്ള ആളുകളൊ അവരുടെ അധികാരം സിദ്ധിച്ചുള്ള കാര്യസ്ഥന്മാരൊ അവിടെ ഹാജരായിക്കൊള്ളേണ്ടതാകുന്നു.

൨. ഉത്തമ വിശ്വാസമായിട്ടാണു ലേലം വിളിക്കൊള്ളുന്നതു എന്നുള്ള ഉറപ്പിനായി മുൻകൂട്ടി ൨൫ രൂപാ കെട്ടിവച്ചതിന്റെ ശെഷമല്ലാതെ യാതൊരുത്തനെയും ലേലം വിളിക്കൊള്ളാൻ സമ്മതിക്കുന്നതല്ല.

൩. ഏല്പിക്കെണ്ട സാമാനങ്ങളുടെ മാതിരികൾ തിരുവനന്തപുരം കരകൌശല വിദ്യാശാലയിൽ ചെന്നു കാണാവുന്നതാകുന്നു.

൪. ഗവൺമെണ്ടിൽ നിന്നും ലേലം സ്ഥിരപ്പെടുത്തി കൂടുമ്പോൾ മുമ്പിൽ കെട്ടിവച്ചിട്ടുള്ള ൨൫ രൂപാ ഉൾപ്പെടെ ലേലത്തിൽ സ്ഥിരപ്പെടുത്തുന്ന സാമാനങ്ങളുടെ വിലയിൽ നൂറ്റിനു ൧൦ വീതമുള്ള തുക ഡെമാനിയായി കെട്ടിവെക്കേണ്ടതും അതിന്റെ ശെഷം തന്നു ദിവസത്തിനകം കുത്തക പ്രകാരം നടത്തിക്കൊള്ളാമെന്നുള്ളതിലെക്ക ആവശ്യപ്പെട്ട വിവരങ്ങളോടുകൂടി മുദ്രക്കടലാസിൽ മുറക്ക ഉടമ്പടി എഴുതി വെക്കേണ്ടതും ആകുന്നു. തന്നാം തവണ കെട്ടിവെക്കാനുള്ള ഡെമാനി പണം കെട്ടി വെക്കുന്നതിൽ ആരെങ്കിലും ഉപെക്ഷ ചെയ്യുകയൊ ഉടമ്പടി എഴുതി വെക്കുന്നതിൽ വീഴ്ച വരുത്തുകയൊ ചെയ്യുന്നതായാൽ അയാൾ ആദ്യം കെട്ടിവച്ച ൨൫ രൂപായും ഇല്ലാതെപോകേണ്ടി വരുന്നതും മെൽ വിവരിച്ച സംഗതിയാലൊ ഉടമ്പടി അനുസരിച്ചു വല്ല ഭാഗവും ശരിയായി നടത്താതെ ഇരുന്നതിൽ വച്ചൊ കുത്തകയെ വീണ്ടും ലേലത്തിൽ ഇടുന്നതിനു ഇടവരികയും അതിൽവച്ചു ഗവൺമെണ്ടിലെക്ക വല്ല നഷ്ടവും സംഭവിക്കയും ചെയ്താൽ ആദ്യം വിളിക്കെട്ടവൻ കെട്ടിവച്ച ൨൫ രൂപാ ഇല്ലാതെ പൊകെണ്ടതു കൂടാതെ ആ നഷ്ടത്തിനു കൂടി ഉത്തരവാദിയാകെണ്ടതാകുന്നു. എന്നാൽ രണ്ടാമതു ലേലത്തിൽ ഇടുന്നതിൽ വച്ചുണ്ടാകാവുന്ന ലാഭത്തിനു വിളിക്കാരനു അവകാശമുണ്ടാകാവുന്നതല്ല.

൫. ലേലം സ്ഥിരപ്പെടുത്തിക്കിട്ടാത്താത്തവർക്ക മുമ്പെറ കെട്ടിവച്ചിട്ടുള്ള ൨൫ രൂപായും ലേലം തീർന്നുകൂടുമ്പോൾ തിരികെ കൊടുക്കുന്നതാകുന്നു.

൬. കുത്തക ഏറിട്ടുള്ള സാമാനങ്ങൾ എല്ലാം കരകൌശല വിദ്യാശാല സൂപ്രെണ്ടിനു ഇന്ന ഇന്ന സാമാനങ്ങൾ ഏതെല്ലാം സമയങ്ങളിൽ ആവശ്യപ്പെടുന്നുവൊ അത്രയും സാമാനങ്ങൾ അതാതു സമയം ആയാണ്ടു മുഴുവനും കൊടുക്കെണ്ടതാകുന്നു.

